# ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം

സന്തോഷ് എച്ച്.കെ.

അസോ. പ്രൊഫസർ, എസ്.എൻ. ജി.എസ്. കോളേജ്, പട്ടാമ്പി

### പ്രബന്ധസംഗ്രഹം

ലക്ഷ്യബോധത്തോടെയുള്ള ഒരു ഭാഷാസൂത്രണവും അതിനുപിറകിൽ ദീർഘവീക്ഷണത്തോടെയുള്ള ഭാഷാനയവും ഇതുവരെ മലയാളത്തിനു ണ്ടായിട്ടില്ല. രാഷ്ട്രാനന്തരകാലമെന്നോ ആഗോളീകരണകാലമെന്നോ വിളിക്കപ്പെടുന്ന തൊണ്ണൂറുകൾക്കുശേഷമുള്ള ലോകാവസ്ഥ ദേശീയത കളെയും ദേശാതിർത്തി സങ്കല്പങ്ങളെയുംതന്നെ പുനർനിർണ്ണയിക്കുന്ന കാലത്ത് ദേശീയതാകാലഭാഷാസൂത്രണപദ്ധതിയിലും വലിയ മാറ്റങ്ങളു ണ്ടാവുന്നുണ്ട്. പുതിയ നൂറ്റാണ്ടിലെ ആഗോളീകരണകാലത്തെ ഭാഷാസൂ ത്രണം എന്തായിരിക്കണം എന്ന ചിന്ത എല്ലാഭാഷകളിലും സജീവമായ കാലത്ത് കേരളത്തിൽ ഇനിയും രൂപപ്പെടേണ്ടിയിരിക്കുന്ന ഭാഷാനയവും ഭാഷാസൂത്രണവും ആഗോളീകരണകാലത്തെക്കൂടി അഭിസംബോധന ചെയ്യേണ്ടതെങ്ങനെയെന്ന് പ്രബന്ധം ചർച്ച ചെയ്യുന്നു.

### താക്കോൽവാക്കുകൾ:

ഭാഷാസൂത്രണം, അധിനിവേശ ആധുനികത, ആഗോളീകരണം, ഇന്റർനെറ്റ് ഭാഷ, മലയാളഭാഷാസൂത്രണം, ഭാഷാഭിമുഖ്യം

### ആമുഖം

ഭാഷയ്ക്ക് ഘടനാപരമായും സാമൂഹ്യബന്ധപരമായും സ്വന്തം ഡിസൈനുണ്ട്. സാമൂഹ്യസംവിധാനപരമായ ആസൂത്രണം പുറത്തുനിന്ന് ഭാഷയ്ക്കുമേലും പ്രവർത്തിക്കുന്നുണ്ട്. ഭാഷാസൂത്രണം ഇങ്ങനെ ജൈവികമായി നടന്നുകൊ ണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. എന്നാൽ ഹാലിഡേ പറയുന്നതുപോലെ

അതിനൊരു നിശ്ചിത രൂപകല്പനയും രൂപസംവിധാനപരമായ ഘടകങ്ങളും നൽകുകയാണ് ഭാഷാസൂത്രണം ചെയ്യുന്നത് (Halliday, 177). അതുകൊണ്ടുതന്നെ അത് കേവലം ഭാഷാശാസ്ത്രത്തിന്റെ ഡൊമെയിനിൽ നടക്കുന്ന പ്രവർത്തനമല്ല. സാമൂഹ്യശാസ്ത്രം, രാഷ്ട്രതന്ത്രം തുടങ്ങി വിവിധ സാമൂഹ്യമാനവികവിഷയങ്ങൾ കൈകോർത്ത അന്തർവൈജ്ഞാനികതലത്തിൽ നടക്കേണ്ട ഒന്നാണ് ഭാഷാസൂത്രണം.

1960-കളിലാണ് സാമൂഹ്യഭാഷാശാസ്ത്രത്തിന്റെ മണ്ഡലത്തിൽ ഭാഷാസൂത്രണവും ഭാഷാനയവും ഒരു പുതിയ വിഷയമേഖലയായി വികസിക്കുന്നത് (Cooper). എന്നാൽ ഭാഷയുടെ തെരഞ്ഞെടുപ്പ്, ആസൂത്രണം, സംരക്ഷണം, ഭാഷയുടെ നാശം തുടങ്ങിയ പല ആലോചനകളും അതിനുമുന്നേതന്നെ ഭാഷാവിചാരങ്ങളിൽ സജീവമായുണ്ടായിരുന്നു. ബി. സി. മൂവായിരത്തിൽ പാണിനി തന്നെ ഭാഷയ്ക്കുണ്ടാവേണ്ട ഏകതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഭാഷാസൂത്രണം പൊളിറ്റിക്സ്, സ്റ്റാറ്റിറ്റിസ്റ്റിക്സ്, എക്കണോമിക്സ്, നരവംശശാസ്ത്രം, ഘടനാവാദം, സോഷ്യോളജി തുടങ്ങിയ വിഷയമേഖലകളുടെ ഉൾക്കാഴ്ചകൾ ഉപയോഗിച്ച് ഒരു അന്തർവൈജ്ഞാനികസ്വഭാവത്തിലാണ് വികസിക്കുന്നതും (Cobarrubias and Fishman).

ഭാഷയെ സംബന്ധിച്ച് ആധുനികഭാഷാശാസ്ത്രം വികസിച്ച കാലത്തുതന്നെയുണ്ടായിരുന്ന ഒരു സങ്കല്പനം അതിന്റെ സ്വയം നിർണ്ണീത അവസ്ഥയെ പറ്റിയായിരുന്നു. ഭാഷ സ്വാധികാരപൂർവ്വകമായ ഒരു വ്യവസ്ഥയാണെന്ന വാദം മുന്നോട്ടുവെക്കുന്നില്ലെങ്കിലും ഒരു ഭാഷകനിലും ഭാഷ പൂർണമായും നിലനിൽക്കുന്നില്ല, ആ വ്യവസ്ഥ പൂർണ്ണാവസ്ഥയിൽ ഇരിക്കുന്നത് കലക്റ്റിവിറ്റിയിലാണെന്നു സസ്യൂർ പറയുമ്പോൾ സമഗ്രതയിൽ നിൽക്കുന്ന ഒരു ഭാവനാത്മകവ്യവസ്ഥയാണെന്ന ആശയം ഉറപ്പിക്കുന്നുണ്ട്. ഭാഷയുടെ ചലനാത്മകവും നിരന്തരപരിണാമിയുമായ ഭാഷാഭേദ വൈവിധ്യത്തിലായിരുന്നില്ല സസ്സൂറിയൻ പോസ്റ്റ് സസ്യൂറിയൻ ഊന്നൽ, ശാസ്ത്രീയവും നിർദേശാത്മകവും ആയ ഒരു ഭാഷാശാസ്ത്രം മുന്നിൽകണ്ട് ഒരു അമൂർത്ത ഏകപാഠത്തെ ഉറപ്പിക്കുകയാണവർ ചെയ്തത്. പിന്നീടുവന്ന ദേശീയവാദികൾക്കാകട്ടെ ഭാഷാസൂത്രണം എന്നുപറയുന്നത് ഒരു ഏക മാനകപാഠത്തെ ഉറപ്പിക്കലായിത്തീർന്നു.

അധികാരിസമൂഹം മുകളിൽനിന്ന്, പലപ്പോഴും പുറത്തുനിന്ന് അടിച്ചേൽപ്പിക്കുന്ന ഒന്നായി ഭാഷാസൂത്രണം മാറി. മാനകങ്ങൾ ഭാഷയുടെ ജൈവികതയിൽനിന്നല്ല രൂപപ്പെട്ടത്. ഈ ഏകരൂപാത്മക മൂർത്തസങ്കല്പത്തെ ഭാഷാശാസ്ത്രത്തിനകത്ത് ആദ്യം എതിർത്തത് വൊളോഷിനോവും മെദ്വദേവും

ബക്തിനുമായിരുന്നു. ഭാഷയുടെ സാമൂഹികജൈവികതയിലായിരുന്നു അവരുടെ ഊന്നൽ. അവരിൽ ഭാഷയുടെ കേന്ദ്രം പെർഫോമൻസിലേക്ക് ഷിഫ്റ്റ് ചെയ്യപ്പെടുന്നു.

ഇങ്ങനെ ഭാഷയെ സമീപിക്കുന്നതിൽത്തന്നെ രണ്ടു വ്യത്യസ്തരീതികൾ ഭാഷാശാസ്ത്രത്തിലുണ്ട്. ഒരു നിശ്ചിതവ്യവസ്ഥ എന്ന നിലയ്ക്കും സാമൂഹ്യപ്രയോഗം എന്ന നിലയ്ക്കും. ഈ സമീപനരീതികൾ തമ്മിലുള്ള തർക്കവിതർക്കങ്ങൾ ഭാഷാശാസ്ത്രത്തിലെ സംഘർഷഭൂമികളാണ്, എന്നും. മലയാളഭാഷാസൂത്രണ പദ്ധതികൾ - അങ്ങനെയൊന്നുണ്ടെങ്കിൽ അത് എല്ലാ കാലത്തും വ്യവസ്ഥാവാദികളുടെ നിയന്ത്രണത്തിലായിരുന്നു. ഐക്യകേരളാനന്തരം ജനാധിപത്യഭരണകൂടങ്ങൾ ഭാഷാസൂത്രണത്തിൽ ദീർഘകാലനയങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലത്ര ശ്രദ്ധാലുക്കളായിരുന്നില്ല എന്നുവേണം പറയാൻ. ഭാഷാസൂത്രണത്തിന്റെ വിവിധതലങ്ങളിലെ പ്രവർത്തനങ്ങൾക്ക് ചില വകുപ്പുകളോ സർക്കാർ ഏജൻസികളോ അവരുടെ മുൻകയ്യിൽ നടന്ന ചില ചട്ടപ്പടിപ്രവർത്തനങ്ങളോ ആണു നമുക്കാകെ ചൂണ്ടിക്കാണിക്കാനുള്ളത്. ഭരണതലത്തിൽനിന്ന് താഴേക്കു നടക്കേണ്ട ഇത്തരം ചിട്ടപ്പടി ഭാഷാപ്രവർത്തനങ്ങൾക്ക് പിറകിൽ ലക്ഷ്യബോധത്തോടെയുള്ള ഒരു ഭാഷാസൂത്രണവും അതിനുപിറകിൽ ദീർഘവീക്ഷണത്തോടെയുള്ള ഒരു ഭാഷാനയവുമുണ്ടാവണം. അടുത്ത ഇരുപത്തിയഞ്ചുവർഷത്തെ മലയാളിവ്യവഹാരലോകമെന്തായിരിക്കും? ഇരുപത്തിയഞ്ചുവർഷത്തേക്ക് മലയാളിക്ക് ആവശ്യമുള്ള മലയാളമെന്തായിരിക്കണം? എത്രയായിരിക്കണം? അതിനുവേണ്ടി മലയാളമെത്ര വികസിപ്പിക്കണം എത്ര ചുരുക്കണം? എന്ന ഏത് ആസൂത്രണത്തിനും പിറകിലുണ്ടാവേണ്ട ചില മൗലികമായ ആലോചനകൾ ഭരണതലത്തിൽ ഉണ്ടായിട്ടില്ല. മറ്റു പല വികസിതരാഷ്ട്രങ്ങളിലും ഉള്ളപോലെ ഭാഷാസൂത്രണത്തിനായി ഒരു വകുപ്പ് നമുക്കില്ല.

ആഗോളതലത്തിൽ ദേശരാഷ്ട്രങ്ങളുടെ പിറവിക്കൊപ്പം ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു പ്രവിശ്യയാണല്ലോ കേരളം. കോളണിയിൽനിന്ന് വിമുക്തമായ നാഷൺ സ്റ്റെയ്റ്റുകളും സ്റ്റെയ്റ്റ് നാഷനുകളും രൂപീകരിക്കപ്പെട്ട കാലത്ത് ആധുനികദേശത്തെയും ദേശീയതയെയും കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായാണ് ഭാഷയെ ദേശീയതയുടെ ഐക്കണായി വികസിപ്പിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളുണ്ടാവുന്നത്. കോളണികൾ സ്വതന്ത്രരാഷ്ട്രങ്ങളായി ആഫ്രിക്കയിൽ, ഏഷ്യയിൽ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലൊക്കെ വികസിച്ചുവരുന്നതോടെയാണ്

ഭാഷാസൂത്രണവും ഉണ്ടാവുന്നത്. ഭാഷാപരമായ അധിനിവേശത്തിൽനിന്നുള്ള വിടുതി എന്ന നിലയ്ക്കായിരുന്നു ഇവിടങ്ങളിൽ ഭാഷാസൂത്രണസംരംഭങ്ങൾ ഉണ്ടായതെങ്കിൽ അമേരിക്കയിലും യൂറോപ്പിലും അത് കുടിയേറ്റ ജനത സൃഷ്ടിച്ച ബഹുവംശീയസംസ്കാരവുമായി ബന്ധപ്പെട്ടായിരുന്നു (Fishman).

## മലയാളിയുടെ ഭാഷാഭിമുഖ്യം

ഇന്ത്യയെ പോലെ ബഹുഭാഷാദേശീയതയുള്ള രാജ്യങ്ങളിൽ ഭാഷകൾക്ക് പദവിപരമായ ക്രമക്കണക്കുകളും അതിന്റെ പേരിലുള്ള കലാപങ്ങളും ഈ അധികാരബലതന്ത്രങ്ങൾക്കനുസരിച്ച് സവിശേഷഭാഷാനയവും രൂപപ്പെട്ടു വന്നു. ഈ ദേശീയവാദകാല ഭാഷാസൂത്രണപദ്ധതികൾക്ക് അനുബന്ധമായാണ് മലയാളത്തിലും നടേ പരാമർശിച്ച് പല വകുപ്പുകളും ചില്ലറപ്രവർത്തനങ്ങളും ഉണ്ടായത്.

രാഷ്ട്രാനന്തര കാലമെന്നോ ആഗോളീകരണകാലമെന്നോ വിളിക്കപ്പെടുന്ന തൊണ്ണൂറുകൾക്കു ശേഷമുള്ള ലോകാവസ്ഥ ദേശീയതകളെയും ദേശാതിർത്തിസങ്കല്പങ്ങളെയുംതന്നെ പുനർനിർണ്ണയിക്കുന്ന കാലത്ത് അതിലധിഷ്ഠിതമായ ദേശീയതാകാലഭാഷാസൂത്രണപദ്ധതിയിലും വലിയ മാറ്റങ്ങളുണ്ടാവുന്നുണ്ട്. പുതിയ നൂറ്റാണ്ടിലെ ആഗോളീകരണകാലത്തെ ഭാഷാസൂത്രണം എന്തായിരിക്കണം എന്ന ചിന്ത എല്ലാ ഭാഷകളിലും സജീവമായ കാലത്ത് കേരളത്തിൽ രൂപപ്പെടേണ്ട ഭാഷാനയവും ഭാഷാസൂത്രണവും ആഗോളീകരണകാലത്തെക്കൂടി അഭിസംബോധന ചെയ്യുന്നതായില്ലെങ്കിൽ മുൻകാല ആസൂത്രണങ്ങളിലെ ഭാവനാപരമായ പിഴവ് ഒരിക്കൽക്കൂടി ആവർത്തിക്കുകയും അത് ഭാഷാപദവിയെതന്നെ വീണ്ടും പിറകോട്ടടിക്കുകയും ചെയ്യുന്നതിലേക്കും നയിക്കും.

ഭരണതലത്തിലെ ദേശീയതാവാദകാലത്തെ ഭാഷാസൂത്രണത്തിലെ ഈ ഭാവനാപരമായ പിഴവെന്തായിരുന്നു എന്ന് അന്വേഷിക്കേണ്ടത് അപ്പോൾ പുതിയ ഭാഷാസൂത്രണകാഴ്ചപ്പാടിനെകുറിച്ചുള്ള അന്വേഷണത്തിന്റെ ആദ്യ പടവാണ്. ഭാഷാപ്രവർത്തനങ്ങൾ ഭരണകൂടത്തിനും ഭാഷാസമൂഹത്തിനുമിടയിൽ നടക്കുന്നതാണെങ്കിൽ അതിനുപിറകിലെ ഭാഷാസൂത്രണവും ഭാഷാനയവും ഭരണകൂടനിഷ്ഠമായ മേഖലകളാണ്.

എന്നാൽ ഇതിനെല്ലാം അടിപ്പടവായി നിൽക്കുന്ന സമൂഹനിഷ്ഠമായ ചില ഭാഷാമേഖലകളുണ്ട്. ഭരണകൂടങ്ങളെ ഭാഷാനയരൂപീകരണത്തിനും ഭാഷാസൂത്രണത്തിനും പ്രചോദിപ്പിക്കുകയോ ചിലപ്പോഴൊക്കെ തിരുത്തുകയോ ചെയ്യുന്ന ഭാഷാമുന്നേറ്റങ്ങൾ താഴെനിന്ന് മുകളിലേക്ക് പ്രവർത്തിക്കുന്ന

സാമൂഹ്യബലതന്ത്രമാണ്. അതിന് പ്രേരകമാവുന്നതാകട്ടെ ഒരു സമൂഹത്തിൽ നിലനിൽക്കുന്ന ഭാഷാമനോഭാവമാണ്. ഈ ഭാഷാഭിഭാവം വളർത്താനുള്ള നടപടികളും മികച്ച ഭാഷാസൂത്രണത്തിന്റെ ലക്ഷണമാണ്.

ഐക്യമലയാളപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അവസാനം നടന്ന പി.എസ്.സി. സമരമടക്കം ദുർബലമായ ചുരുക്കം ചില മുന്നേറ്റങ്ങളെ ഈ ദിശയിൽ താഴെനിന്ന് മുകളിലേക്ക് നടന്നിട്ടുള്ളൂ എന്നതാണ് മലയാളത്തിലെ ഈ തലത്തിലുള്ള കഥ. ഇതിനുകാരണമായ മലയാളഭാഷയോടുള്ള മലയാളിയുടെ മനോഭാവത്തെപ്പറ്റിയാകട്ടെ വിസ്തരിക്കേണ്ടതുമില്ല. ചുരുക്കത്തിൽ നാളിതുവരെ നടന്ന ദേശീയതാവാദകാല ഭാഷാപ്രവർത്തനങ്ങൾ, ഭാഷാസൂത്രണം, ഭാഷാമുന്നേറ്റങ്ങൾ, ഭാഷയോടുള്ള അഭിഭാവം എന്നിവ കർക്കശമായി പരിശോധിച്ചും അതിലെ പിഴവുകൾ തിരുത്തിയും അതോടൊപ്പം പുതിയ ആഗോളസാഹചര്യങ്ങൾക്കനുസരിച്ച് മറ്റ് ലോകഭാഷകളിൽ എന്തൊക്കെ അസൂത്രണസംരംഭങ്ങൾ നടക്കുന്നു എന്നു പരിശോധിച്ചും മലയാളിയുടെ ഭാവികാലജീവിതത്തിനനുഗുണമായി മലയാളഭാഷയെ അസൂത്രണം ചെയ്യാൻ പര്യാപ്തമായ ഒരു ഭാഷാനയത്തിലേക്കെത്താനാവൂ.

കോളോണിയൽ ആധുനികത എന്ന സാമൂഹ്യ/ ജ്ഞാന നിർമ്മിതി രാഷ്ട്രീയ അധികാരപ്രയോഗം, ആധുനിക ജ്ഞാനമണ്ഡലത്തിന്റെ സ്ഥാപനം, സാംസ്കാരികാധിനിവേശം, ആധുനിക പൗര/ ലോകബോധത്തിന്റെയും സിവിലിയൻ സാമൂഹ്യക്രമത്തിന്റെയും സംസ്ഥാപനം, ശാസ്ത്രസാങ്കേതികതവിദ്യയുടെ വ്യാപനം, ഉത്പാദനമേഖലയുടെയും ഉത്പാദനബന്ധങ്ങളുടെയും പുനഃക്രമീകരണം, മധ്യവർഗത്തിന്റെ രൂപീകരണവും പരിണാമവും എന്നീ തലങ്ങളിലൂടെ സാധ്യമായപ്പോൾ ഭാഷകളോടുള്ള നിലപാടുകളും രൂപപ്പെട്ടുന്നുണ്ട്. സംസ്കൃതത്തെ തിരസ്കരിച്ച് മലയാളത്തിന്റെ സ്വതന്ത്രതയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങളുണ്ടായപോലെ ഇംഗ്ലീഷിനൊടുള്ള അഭിനിവേശത്തോടൊപ്പംതന്നെ ഇംഗ്ലീഷിന്റെ നാറ്റമില്ലാത്ത തനിമലയാളവരമൊഴിക്കുവേണ്ടിയുള്ള ശ്രമങ്ങളും ആദ്യഘട്ടത്തിലുണ്ടാവുന്നുണ്ടെങ്കിലും ഇംഗ്ലീഷിന്റെ ജ്ഞാനാധികാരത്തെ അംഗീകരിച്ചുമുന്നോട്ടുപോകുന്ന കൊളോണിയൽ ഭക്തിക്ക് തന്നെയായിരുന്നു മുൻതൂക്കം.

പിന്നീട് കേരളീയാധുനികതയുടെ സ്വാതന്ത്ര്യാനന്തരകാലം രൂപപ്പെടുത്തിയ മധ്യവർഗസമൂഹവും അതു സൃഷ്ടിച്ച പൊതുബോധവുമാണ് ഭരണകൂടങ്ങളെ നിയന്ത്രിച്ചത്. കൊളോണിയൽ ഹാങ്ങോവറുള്ള, വേണ്ടത്ര ജനാധിപത്യവത്കരിക്കപ്പെടാത്തതും ബ്യൂറോക്രസിക്ക് അടിപ്പെട്ടതും അതോടൊപ്പം

ജാതിജന്മി നാടുവാഴിത്ത സാംസ്കാരികശീലങ്ങൾ നിലനിൽക്കുന്നതുമായ ഒരു സാമൂഹ്യബോധവും മൂല്യസങ്കല്പവും തീർത്ത നമ്മുടെ സാമൂഹ്യാവസ്ഥ ഇംഗ്ലീഷിന്റെ സാംസ്കാരിക മേൽക്കോയ്മയെയും മലയാളത്തിലെ മധ്യകാല വരേണ്യഭാഷാക്രമത്തെയും ഒരുപോലെ ആശ്ലേഷിക്കുന്നതായി കാണാം. മലയാളത്തിന്റെ ഏകമാനത്വം ഉറപ്പിക്കുന്നതോടൊപ്പം ചെറുഭാഷകളുടെ സൂക്ഷ്മജൈവലോകത്തെ ഇല്ലാതാക്കി ആ സമൂഹങ്ങളെ ഈ പൊതുമല യാളത്തിലേക്ക് പരിവർത്തിപ്പിക്കുകയും ചെയ്തു. ആദിവാസികളടക്കമുള്ള ഈ ചെറുസമൂഹങ്ങൾ പൊതുമലയാളത്തിൽ വിവർത്തിതസമൂഹങ്ങളായി പെരുമാറേണ്ടി വരുന്നത് അതുകൊണ്ടാണ്.

ഈ പറയുന്ന മധ്യവർഗസമൂഹം ആഗോളീകരണം എന്ന സവിശേഷ സാമൂഹ്യ സാമ്പത്തികാവസ്ഥയെ സമീപിക്കുന്നതിലും ഈ വൈരുദ്ധ്യം കാണാം. ഒരു ഭാഗത്ത് ഉപരിപ്ലവമായി രാഷ്ട്രീയമായ എതിർപ്പ് പ്രകടിപ്പിക്കു മ്പോഴും സൂക്ഷ്മതലത്തിൽ അതിനെ സ്വാശീകരിക്കാനും ആ അവസ്ഥകളെ ചൂഷണം ചെയ്യാനുമുള്ള പ്രവണത കാണിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് പ്ര വർത്തിക്കുന്നുണ്ട്. തിങ്കിങ്ങ് ഗ്ലോബലി ആക്റ്റിങ്ങ് ലോക്കലി എന്ന മുദ്രാവാക്യം സ്വമനസ്സാലേ സ്വീകരിച്ചവരാണ് മലയാളി പ്രബലസമൂഹങ്ങൾ.

ഈ മധ്യവർഗതാത്പര്യം എങ്ങനെയാണ് നമ്മുടെ നടപ്പ് ഭാഷാസൂത്ര ണപദ്ധതികളിൽ പ്രവർത്തിച്ചത് എന്നു പരിശോധിച്ചാൽ നമ്മുടെ മുൻകാല നയങ്ങളിലെ അടിസ്ഥാനപരമായ പിഴവ് ബോധ്യപ്പെടും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അഭൂതപൂർവ്വമായ വിജയം നേടുന്ന നാളുകളിലൂടെയാണല്ലോ കടന്നുപോകുന്നത്. അവബോധരൂപീ കരണത്തോടൊപ്പം പൊതുവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്താനുള്ള പല പ്രവർത്തനങ്ങളും സർക്കാർ തലത്തിലുണ്ടായി. അവയിൽ ചിലതുനോക്കുക.

» ഇന്റർനാഷണൽസ്കൂൾ സങ്കല്പം (പ്രാദേശിക സ്കൂളല്ല)
» ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ ഗതാഗതവും
» സ്മാർട്ട് ക്ലാസ്സ് റൂം
» മലയാളം മീഡീയം പൊതുസ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ തുടങ്ങുക

ഇവ പരസ്പരപൂരകമാണെന്നും അത് മധ്യവർഗതാത്പര്യങ്ങളെ പ്രീണിപ്പി ക്കുന്നതാണെന്നും എൺപതുകൾക്കൊടുവിൽ സജീവമായ സ്വകാര്യ അൺ എയിഡഡ്ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാഭ്യാസത്തെ പ്രതിരോധിക്കാനു ള്ളതാണെന്നും വ്യക്തമാണല്ലോ. മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കുള്ള

കൊഴിഞ്ഞുപോക്ക് പൊതുവിദ്യാഭ്യാസത്തിൽ നിന്ന് സ്വകാര്യവിദ്യാഭ്യാസത്തിലേക്കുള്ളതാവാതെ നോക്കാനുള്ള ആത്മാർത്ഥശ്രമമാണിതിനു പിറകിൽ എന്നു വ്യക്തം. പ്ലസ് റ്റുതലം തൊട്ടുള്ള ശാസ്ത്രപഠനം മലയാളത്തിലും കൂടിയാക്കാനും (ശ്രദ്ധിക്കണം മലയാളത്തിൽ മാത്രമാക്കാനല്ല, മലയാളത്തിലും കൂടി ആക്കാൻ) കെ. എ. എസ്. പരീക്ഷാ ചോദ്യം മലയാളത്തിലും കൂടിയാക്കാനും (ശ്രദ്ധിക്കണം മലയാളത്തിൽ മാത്രമാക്കാനല്ല, മലയാളത്തിലും കൂടി ആക്കാൻ) നടത്തിയ പരിശ്രമങ്ങൾ, ആവശ്യങ്ങൾ, സമരങ്ങൾ എന്നിവയോട് മലയാളി പൊതുബോധം എങ്ങനെ പ്രതികരിച്ചു എന്നതുകൂടി മുൻപറഞ്ഞ ഭരണതാത്പര്യത്തിനനുപൂരകമായി അല്ലെങ്കിൽ പ്രേരകമായി മധ്യവർഗസമൂഹം പ്രവർത്തിക്കുന്നു എന്നതിനു തെളിവാണ്.

ഭരണതലത്തിൽ ആസൂത്രണം ചെയ്യപ്പെട്ട മലയാളവുമായി ബന്ധപ്പെട്ട് ഈയിടെ ഒരു ഓഫീസ് അപേക്ഷയുടെ മാതൃകകയും ആദ്യ കെ.എ .എസ്സ് പരീക്ഷയ്ക്ക് ചോദിച്ച മലയാളം ചോദ്യങ്ങളും വലിയ ട്രോളുകൾക്ക് നിമിത്തമായതു നാം കണ്ടതാണ്. ആദ്യത്തേത് ഓഫീസ് ഔദ്യോഗിക വരമൊഴിയിൽ പ്രവർത്തിക്കുന്ന മലയാളമാണെങ്കിൽ മറ്റേത് ഓഫീസ് ഉദ്യോഗാർത്ഥിയിൽ പ്രവർത്തിക്കേണ്ട അഭികാമ്യമലയാളത്തെയാണ് ഉന്നം വെക്കുന്നത്. രണ്ടും വർത്തമാനാവസ്ഥയെ പോയിട്ട് മലയാളത്തിന്റെതന്നെ ആധുനികമുഖത്തെ പ്രദർശിപ്പിക്കുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ ഓഫീസിലെ പൊതുസമൂഹവ്യവഹാരവും വാമൊഴിയിലും വരമൊഴിയിലും ഇതിൽനിന്നു നൂറ്റാണ്ടുകൾ മുന്നോട്ട്പോയിക്കഴിഞ്ഞു എന്നതാണു സത്യം. ഇവിടെ സംഭവിച്ചതെന്താണ്? കൊളോണിയൽ കാല അധികാരിഭാഷയായ ഇംഗ്ലീഷിനെ അതേ ശൈലിയിൽ ആധുനികപൂർവ്വ നാട്ടുവാഴിത്ത വരേണ്യ അധികാരഭാഷകൊണ്ടു പകരം വെക്കുന്ന പ്രവർത്തനമാണു നടന്നതെന്നു കാണാം. ആധുനിക ജനാധിപത്യ സംസ്കാരം ഭരണകൂടത്തിലും അതിന്റെ അധികാരഘടനയിലും ആഴത്തിൽ പ്രവർത്തിക്കാത്തതുകൊണ്ടാണ് ഈ അധികാരഭാഷ അട്ടിമറിക്കപ്പെടാതെ പോയി വെറും ഫോസിലായി മാറിയത്. ആഗോളഭാഷയായ ഇംഗ്ലീഷിനു മുന്നിൽ കൂടുതൽ പരിഹാസ്യമായ നിലയിലേക്ക് മലയാളഭാഷാപദവിയെ ഇകഴ്ത്താനാണ് ഇത്തരം വികലവീക്ഷണങ്ങൾ സഹായിക്കുക എന്നു വ്യക്തം. ഭരണമലയാളത്തിനെതിരെ കഴിഞ്ഞ ദിവസങ്ങളിലിറങ്ങിയ ട്രോളുകളുടെ സാമൂഹ്യപാഠമതാണ്.

അതായത് ആസൂത്രണം ചെയ്തുണ്ടാക്കുന്ന മലയാളമേതാണെന്നതാണു ചോദ്യം. അതെന്റെ മലയാളമല്ല എന്റെ മലയാളമിങ്ങനല്ലാ എന്ന് ശരാശരി

വാമൊഴിമലയാളി വിലപിക്കുംവിധം മലയാളം മാനകമാക്കുകയെന്നാൽ അതിനെ സവർണ്ണ ശ്രേഷ്ഠഭാഷയാക്കുകയാണെന്നും മലയാളത്തിലേക്കാക്കുകയെന്നാൽ സംസ്കൃതമാക്കുകയാണെന്നും ക്ലിഷ്ടമണിപ്രവാളശൈലിയാണ് (അധമമണിപ്രവാളം എന്നു ലീലാതിലകം തന്നെ പറയുന്നു) വൈജ്ഞാനിക ഭാഷയ്ക്കും ഭരണഭാഷയ്ക്കും അനുയോജ്യമെന്നുമുള്ള നമ്മുടെ ഭാവി മലയാളത്തെ കരുപ്പിടിപ്പിക്കാനുള്ള ചന്തമലയാളവും ചിന്താമലയാളവും അതുപോലെ ജനമലയാളവും അധികാരിമലയാളവും ആദ്യന്തം അകലം പാലിക്കണമെന്ന അബോധം അടിപ്പടവിൽ പ്രവർത്തിക്കുന്ന നടപ്പു ഭാഷാസൂത്രണകാഴ്ചപ്പാടിലാണു അടിസ്ഥാന പ്രശ്നമെന്നു വ്യക്തമാവും.

ഇതിൽനിന്ന് ഇനി മുന്നോട്ടു പോകേണ്ടതെങ്ങനെ എന്ന ചോദ്യത്തിനു മുന്നേ തൊണ്ണൂറുകൾക്കുശേഷം ആഗോളതലത്തിലും അതിനനുബന്ധമായി കേരളത്തിലും സംഭവിച്ച സവിശേഷമാറ്റങ്ങളെയും അതിനനുസരിച്ച് വിവിധ മേഖലകളിലെ ആസൂത്രണങ്ങളിൽ സംഭവിച്ച പാരഡൈം ഷിഫ്റ്റിനെയും കൂടി മനസ്സിലാക്കണം. ഈ അടിമുടിമാറ്റത്തെ ആഗോളീകരണമെന്നു വിളിക്കാം.

ആഗോളവത്കരണത്തിന്റെ ഭാഗമായി സംഭവിച്ച മാറ്റങ്ങളെ അത് ലോകഭാഷകളിൽ സൃഷ്ടിച്ച മാറ്റങ്ങളെയും സാമാന്യമായി മനസ്സിലാക്കാം. സ്യൂ റൈറ്റ് എഴുതിയ Language Policy and Language Planning–From Nationalism to Globalisation എന്ന കൃതി ഈ വിഷയം വിശദമായി മനസ്സിലാക്കുന്നതിന് നല്ലൊരു അവലംബമാണ്

### ആഗോളീകരണത്തിന്റെ സാമാന്യമുഖം.

ആഗോളവത്കരണത്തെ സംബന്ധിച്ച ഒരു ചർച്ച ഈ പ്രബന്ധപരിധിയിൽ വരുന്നില്ല. ഈ സവിശേഷാവസ്ഥ ഭാഷാവികാസത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളിൽ സൃഷ്ടിച്ച മാറ്റം മാത്രമാണ് സാമാന്യമായി പരാമർശിക്കപ്പെടുന്നത്. ആഗോളവിനിമയഭാഷയെയും ഭാഷാപദവിയെയും നിർണ്ണയിക്കുന്ന പ്രധാന ഭാഷേതര ഘടകങ്ങൾ രാഷ്ട്രീയാധികാരം, സൈന്യം, വംശീയസ്വത്വബോധം, ദേശീയത, സാമ്പത്തിക മേൽക്കോയ്മ, ഉത്പാദനശക്തി, വിപണിമേധാവിത്തം, സാംസ്കാരികമൂലധനം, സാങ്കേതികമുന്നേറ്റം, വിദ്യാഭ്യാസം, ബഹുജനമാധ്യമങ്ങൾ എന്നിവയാണല്ലോ. ഇതോരോന്നും ഭാഷാഭിഭാവത്തെ ഭാഷാവികാസത്തെ അതുവഴി ഭാഷാസൂത്രണത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് വേറെ വേറെ ചർച്ച ചെയ്യേണ്ടതാണെങ്കിലും ഈ പ്രബന്ധത്തിന്റെ ആലോചനാപരിധിയിൽനിന്ന് ഒഴിവാക്കുകയാണ്.

ആഗോളീകരണം നിർവചനത്തിലെ മറ്റ് തർക്കസംഗതികളൊക്കെ മാറ്റിനിറുത്തിയാൽ ലോകത്തെ ദേശാതിർത്തികളെ ദുർബ്ബലമാക്കുകയും ലോകത്തെ കൂടുതൽ ഇന്ററാക്റ്റീവാക്കുകയും ചെയ്യുന്നു എന്ന് ചുരുക്കിക്കെട്ടാം. ആഗോളീകരണകാല അധീശത്വങ്ങൾ ബഹുമുഖവും പരോക്ഷവുമാണെന്നതു പോലെ അതിന്റെ വ്യവഹാരരൂപമായ ആഗോളവിനിമയഭാഷയ്ക്കുമേൽ ആ ഭാഷയുടെ തദ്ദേശീയർക്ക് എന്തെങ്കിലും പ്രത്യക്ഷ അധികാരമോ നിയന്ത്രണമോ ഇല്ലാതാവുകയും ചെയ്യുന്നുണ്ട്. നാഷൻ സ്റ്റെയ്റ്റിന്റെയും സ്റ്റെയ്റ്റ് ഓഫ് നാഷൻസിന്റെയും കാലത്തെ ലോകബോധമല്ല പോസ്റ്റ് നേഷൻ ഘട്ടം എന്ന് വിളിക്കപ്പെടുന്ന ഇക്കാലയളവിലുണ്ടാവുന്നത്.

ദേശരാഷ്ട്ര ആധുനികതയുടെ കാലത്ത് രാഷ്ട്രം അതിന്റെ അതിർത്തികൾക്കകത്ത് ഉദ്ഗ്രഥിതവും ഏകശിലാത്മകവുമായ ഒരു യൂണിറ്റായാണു വിഭാവനം ചെയ്യപ്പെട്ടത്. രാജ്യത്തിനുപുറത്തുള്ള ഒരു നിയമാധികാരത്തെയും അത് അംഗീകരിച്ചിരുന്നില്ല. സ്വന്തമായ പ്രതിരോധത്തിലും സൈനികശക്തിയിലുമുള്ള ഊന്നൽ, ആഭ്യന്തരവിപണിയെ സംരക്ഷിച്ചു നിർത്തൽ, ദേശീയ വിദ്യാഭ്യാസനയത്തിലേക്കും സ്കൂളിങ്ങിലേക്കും എല്ലാവരെയും കൊണ്ടുവരിക, ഒരു ദേശീയ മാധ്യമത്തിന്റെ ആധിപത്യം, ഒരു പൊതുമാനകദേശീയഭാഷയിൽ ദേശാതിർത്തികളെ ഉറപ്പിച്ചു നിർത്തുക തുടങ്ങിയ നയങ്ങളൊക്കെ ഇരുപതാം നൂറ്റാണ്ടിലെ ദേശരാഷ്ട്രാധിഷ്ഠിതലോകക്രമത്തിന്റെ പൊതുതത്ത്വങ്ങളായിരുന്നു. എന്നാൽ ആഗോളവത്കരണം ഈ നയങ്ങളിലൊക്കെ സാരമായ പൊളിച്ചെഴുത്തു നടത്തിക്കഴിഞ്ഞിരിക്കുന്നു.

ദേശാതിർത്തി അല്ലെങ്കിൽ കണ്ടെയിനറുകളായുള്ള രാജ്യങ്ങളുടെ ഭൂപടത്തിലെ കിടപ്പ് മാഞ്ഞുപോകുന്ന കാലമാണ് ആഗോളവതകരണത്തിന്റേത്. രാജ്യാന്തരമനുഷ്യസമൂഹ്യഗണങ്ങളും ഫ്ലോട്ടിങ്ങ് കമ്യൂണിറ്റികളും സജീവമാകുന്നു. രാജ്യങ്ങൾ തന്നെ മുറിഞ്ഞുപോകുന്നു. വലിയ രാജ്യം വലിയ ജനത എന്ന ഗ്രാന്റ് ഫോം ആശയം ആകർഷകമല്ല ഇന്ന് രാജ്യം ചെറുതാവുമ്പോൾ അവയ്ക്ക് എല്ലാ ആവശ്യങ്ങൾക്കും തങ്ങളുടെ ദേശീയഭാഷ എന്നതിനുപകരം കൂടുതൽ മൊബിലിറ്റിക്കുവേണ്ടി മറ്റ് സമ്പർക്കഭാഷകളെ പ്രോൽസാഹിപ്പിക്കാനുള്ള പ്രവണത ഏറിവരുന്നു. ഇവയ്ക്കൊക്കെയും സ്വന്തം സ്വാശ്രയസൈനികശക്തി അപ്രായോഗികമായതുകൊണ്ട് അന്താരാഷ്ട്ര ഏജൻസികളെ രാജ്യസുരക്ഷയ്ക്കു വേണ്ടി വിനിയോഗിക്കുന്നു. അത്തരം അന്താരാഷ്ട്രബന്ധങ്ങളിൽ ഏർപ്പെടുന്നു. ലോകവ്യാപാരത്തിൽ സൈനികസഹകരണത്തിൽ അന്താരാഷ്ട്ര നിയമസഭകളിൽ രാജ്യാന്തരബന്ധം പ്രധാനമായതുകൊണ്ട് ട്രാൻസ്നാഷണൽ

ആയ ഒരു വിഭാഗത്തെ വളർത്തിയെടുക്കാനും അവരെ അന്താരാഷ്ട്ര ലോബിയിങ്ങിനുപയോഗിക്കാൻ സഹായിക്കും വിധം ഇംഗ്ലീഷ് പോലുള്ള ആഗോളഭാഷയിൽ പ്രാവീണ്യമുണ്ടാക്കാനും ശ്രമങ്ങളുണ്ടാവുന്നു. സാമ്പത്തിക ഉദാരീകരണം തുറന്നവിപണികളിലേക്കു മാറിയപ്പൊൾ രാജ്യത്തെ വിപണിയിൽ സ്റ്റെയ്റ്റിന് നിയന്ത്രണം ഇല്ലാതാകുന്നു. ധനമൂലധനത്തിന്റെ നിയന്ത്രണം ബഹുരാഷ്ട്രകോർപ്പറേറ്റുകൾക്കാവുന്നു. ഇവയ്ക്കുമേൽ ഒരു രാജ്യത്തിനും നിയന്ത്രണമില്ലാതാവുന്നു. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഈ ബഹുരാഷ്ട്ര ഏജൻസികളും കമ്പനികളുമാവട്ടെ തങ്ങളുടെ വിനിമയഭാഷയായി ആഗോളഭാഷയെ തെരഞ്ഞെടുക്കുന്നു. സ്റ്റെയ്റ്റിന്റെ നിയമങ്ങൾക്കു പുറത്ത് അന്താരാഷ്ട്ര കോടതികളുണ്ടാവുന്നതാണു മറ്റൊരു മാറ്റം. രാജ്യതാത്പര്യങ്ങൾ ഈ കോടതി നിയമങ്ങൾക്കു മുന്നിൽ പലപ്പോഴും ബലികഴിക്കേണ്ടിവരുന്നു. ഇവിടെയും ലോബിയിങ്ങിനും വ്യവഹാരത്തിനും ആഗോളഭാഷ ആവശ്യമായി വരുന്നു. ഈ ആഗോളീകരണത്തിനെതിരായി പ്രവർത്തിക്കുന്ന ഏജൻസികൾക്കും സന്നദ്ധസംഘടനകൾക്കും ആഗോളസ്വഭാവം കൈവരികയും അവരും വിനിമയഭാഷയായി ആഗോളഭാഷ തന്നെ തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട് എന്നുമോർക്കണം.

ദേശീയമാധ്യമങ്ങളുടെ കുത്തകയുടെ കാലം കഴിയുകയും ഗ്ലോബൽ കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലുള്ള അന്താരാഷ്ട്രമീഡിയാ ഏജൻസികൾ രംഗത്തുവരികയും ചെയ്യുന്നത് ഈ കാലത്താണ്. ആഗോളമാധ്യമസംസ്കാരം അങ്ങനെ രാഷ്ട്രഭേദമെന്യേ ഒരു പൊതു മീഡിയാസംസ്കാരം സൃഷ്ടിക്കുന്നു. ഇന്റർനെറ്റിലൂടെ വികസിച്ച സോഷ്യൽ മീഡിയ ഇക്കാലത്തെ പുതിയ അവതാരമാണ്. അവിടെയും ആഗോളഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് ആധിപത്യം തന്നെ. ഇക്കാര്യം വിശദമായി പിന്നീട് ചർച്ച ചെയ്യുന്നുണ്ട്. ദേശീയ വിദ്യാഭ്യാസനയങ്ങൾ അന്താരാഷ്ട്ര വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുകയും വിദ്യാഭ്യാസത്തിലൂടെ അന്താരാഷ്ട്ര കുടിയേറ്റം നടക്കുകയും ചെയ്യുന്നു. അത് നോക്കിയാൽ ഇംഗ്ലീഷ് സംസാരിക്കുന്ന നാടുകളിലേക്കോ ഇംഗ്ലീഷ് മാധ്യമമായ വിദ്യാഭ്യാസസമ്പ്രദായത്തിലേക്കോ ആണെന്നു കാണാം. വിദ്യാഭ്യാസത്തിന്റെ ആഗോളവത്കരണം വിദ്യാഭ്യാസത്തിന്റെ ആഗോളഭാഷയായി ഇംഗ്ലീഷിനെ പ്രതിഷ്ഠിച്ചു കഴിഞ്ഞു.

അന്താരാഷ്ട്ര കുടിയേറ്റങ്ങളുടെ അവസ്ഥയും ഭിന്നമല്ല. സാമ്പത്തിക അഭയാർത്ഥിത്വങ്ങളുടെ ഒഴുക്ക് എങ്ങോട്ടായാലും അത് ഇംഗ്ലീഷ് അധീശ സാമൂഹ്യാവസ്ഥയിലേക്കാണെന്നു വ്യക്തം. മറ്റ് ആവശ്യങ്ങൾക്കായുള്ള

എലീറ്റ് ക്ലാസ്സിന്റെ കുടിയേറ്റങ്ങളിലും ഭാഷാമണ്ഡലം ഇംഗ്ലീഷാണ്. രാഷ്ട്രീയ അഭയാർത്ഥിത്വങ്ങളാണിതിനു പുറത്തുള്ളത്. രാജ്യത്തിനകത്തെ കുടിയേറ്റങ്ങളും അഭയാർത്ഥിത്വങ്ങളും വേറെ പഠിക്കേണ്ടതാണ്. കേരളത്തിൽനിന്ന് അന്താരാഷ്ട്രസമൂഹത്തിലേക്കു ചേക്കേറേണ്ട ലോകമലയാളിയുടെ ഭാഷാസൂത്രണത്തെക്കുറിച്ചേ നമുക്ക് വേവലാതിയുള്ളൂ. കേരളത്തിലേക്കുള്ള അന്യസംസ്ഥാനത്തൊഴിലാളികളുടെ ഭാഷാപ്രശ്നം നമ്മുടെ ഭാഷാസൂത്രണം ഒരിക്കലും ചർച്ച ചെയ്തിട്ടില്ല.

### ഭാഷാപദവികൾ–അധിനിവേശകാലത്തുനിന്ന് ആഗോളീകരണകാലത്തെത്തുമ്പോൾ

കുടിയേറ്റകാലത്ത് മൂന്നുതരം ഭാഷാനയങ്ങളാണു പ്രബലമായിരുന്നത്. ഐക്യപ്പെടലും ലയനവുമായിരുന്നു (അസ്സിമിലേഷൻ) ഒരു തത്ത്വപദ്ധതി. കുടിയേറ്റക്കാർ തദ്ദേശീയ പ്രബലഭാഷയിലേക്ക് സ്വാഭവികമായി ലയിക്കുക എന്ന തത്ത്വമാണു അമേരിക്കയും ജർമ്മനിയും രണ്ടു വഴിക്ക് പിന്തുടരുന്നത്. ബഹുസ്വരത അല്ലെങ്കിൽ ബൈലിംഗ്വലിസമാണു രണ്ടാം വഴി. കാനഡ കോൺഫെഡറേഷൻ ഇതിനുദാഹരണമാണ്.

ബഹുഭാഷാവ്യവസ്ഥയുടെ നിലനിൽപ്പിലൂന്നിയ സ്വിറ്റ്സർലാന്റ് മാതൃകയാണു മൂന്നാമത്തേത്. ഈ മൂന്നുതത്ത്വങ്ങളും ആഗോളീകരണകാലത്ത് പലതലത്തിൽ മുന്നോട്ടുപോകുന്നുണ്ട്. അധിനിവേശകാലത്തുനിന്ന് ആഗോളവത്കരണകാലമെത്തുമ്പോൾ ഭാഷകൾക്കു, പ്രധാന ലോകഭാഷകൾക്കു സംഭവിക്കുന്ന പരിണാമത്തെ റൈറ്റ് വിശദമായി പരിശോധിക്കുന്നുണ്ട് (Wright).

ആഗോളഭാഷയായ ഇംഗ്ലീഷിന്റെ കാര്യം നോക്കുക. 1582 നുമുമ്പ് ഇംഗ്ലീഷ് ഒരു പ്രവിശ്യാഭാഷയായി കുടുങ്ങിക്കിടക്കുകയായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിൽ പോകുന്ന ഇംഗ്ലീഷുകാർ ഫ്രഞ്ചോ ഇറ്റാലിയനോ പഠിക്കുന്നത് അഭികാമ്യമാണെന്നും ആഫ്രിക്കയിലേക്കാണെകിൽ ഡച്ചും സ്പാനിഷും അറിഞ്ഞിരിക്കണമെന്നും റിച്ചാർഡ് ഫ്ലക്ക്നോ ഉപദേശിക്കുന്നുണ്ട്. മികച്ച ഭാഷാപഠിതാക്കളായാണു ഇംഗ്ലീഷുകാരെ കരുതിയിരുന്നത്. ഡേവിഡ് ഹ്യൂമിന്റെയും ചെസ്റ്റർഫീൽഡിന്റെയും കാലമാവുമ്പോഴേക്കും ഫ്രഞ്ചിനെ പിന്തള്ളി ഇംഗ്ലീഷ് ലോകഭാഷയായി മാറുമെന്ന പ്രതീക്ഷ പുലരുന്നുണ്ട്. ഇതിൽനിന്നാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഉച്ചതയിൽ തങ്ങളുടെ ആധുനിക ലിബറൽ ജീവിതാവബോധത്തിന്റെയും സംസ്കാരത്തിന്റെയും വാഹകമായ ഇംഗ്ലീഷ് എല്ലാ വൻകരകളിലെയും ഏക

യൂണിവേഴ്സൽ ഭാഷയായി ഇംഗ്ലീഷ് മാറുന്നു എന്ന പ്രഖ്യാപനത്തിനു വഴി തെളിക്കുംവിധം ബ്രിട്ടീഷ് ഇംഗ്ലീഷ് വളർന്നത്. എന്നാലും അത് ഒരു എലീറ്റ് പ്രതിഭാസമായി കോളണികളിൽ തുടർന്നുപോരുന്നുണ്ട്. 1946 മുതൽ 96 വരെയുള്ള ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അഴിഞ്ഞുപോക്കിന്റെ കാലങ്ങളിൽ ഇംഗ്ലീഷിന്റെ സർവാധിപത്യത്തിനിളക്കം തട്ടുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്. പക്ഷേ സംഭവിച്ചത് മറിച്ചാണ്. രണ്ടാം ലോകയുദ്ധത്തിലൂടെ വളർന്നുവന്ന അമേരിക്കയിലൂടെ *പുതിയ സാമ്രാജ്യത്വത്തിന്റെ ഭാഷയായി ഇംഗ്ലീഷ് തുടർന്നു. കോളണികളെ സമ്പന്ന പരിഷ്കൃത ഉപരിവർഗം അവരുടെ സമ്പർക്ക ഭാഷയായും എലീറ്റിസത്തിന്റെ അടയാളമായും ഇംഗ്ലീഷിനെ തുടർന്നുകൊണ്ടുപോകുകയും ചെയ്തു.*

അമേരിക്കൻ ഐക്യനാടുകളിലെ ഭാഷാനയത്തിനു കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായ മാറ്റം നോക്കിക്കഴിഞ്ഞാൽ തിരിഞ്ഞുള്ള ഒരു ഗതി കാണാനാവും. കുടിയേറ്റത്തെ ചെറുക്കുക അമേരിക്കൻ പാരമ്പര്യവാദം തുടങ്ങിയ ട്രമ്പ് വരെ എത്തിനിൽക്കുന്ന അവിടെ വിജയിച്ച രാഷ്ട്രീയ ആശയങ്ങളുടെ ക്രമാനുഗതമായ മേൽക്കൈയാണിതിനു പിറകിലെന്നുകാണാം. ബ്രിട്ടീഷ് ഇമ്പീരിയലിസത്തിനു പുറത്തുകടന്നയുടനെ ആ അധീശഛായകൾ തുടച്ചുകളയാൻ ഹീബ്രുപോലുള്ള ഭാഷയെ ദേശീയ ഭാഷയാക്കണം എന്ന വാദമുന്നയിക്കപ്പെട്ട ഒരു നാടായിരുന്നു അതെന്നോർക്കണം. അന്നുതന്നെ ഇംഗ്ലീഷ് ഭാഷകസമൂഹത്തിന് ഭൂരിപക്ഷമുള്ള രാജ്യത്ത് ഇംഗ്ലീഷിനെ രാഷ്ട്രഭാഷയാക്കുകയുണ്ടായില്ല. പിന്നീട് യൂറോപ്പിൽനിന്നും ഏഷ്യയിൽനിന്നും വൻ കുടിയേറ്റങ്ങൾ നടന്നപ്പോഴും അവരൊക്കെ ഇംഗ്ലീഷ് അധിഷ്ഠിതവ്യവഹാരത്തിലേക്ക് സന്നിവേശിക്കപ്പെട്ടെങ്കിലും തങ്ങളുടെ ഭാഷാത്തനിമയും അവകാശവും നിലനിർത്തിപ്പോന്നു. ജർമ്മൻകാർ ജർമ്മൻ മീഡിയം സ്കൂളുകളെയാണ് അവിടെയും പ്രോൽസാഹിപ്പിച്ചത്. വൈകിയാണ് കുടിയേറ്റത്തിന് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം നിർബന്ധിതമാക്കിയത്. 1996 ആവുമ്പോഴേക്കും ഇംഗ്ലീഷിനെ ഔദ്യോഗികഭാഷയായി അംഗീകരിക്കുന്ന സ്റ്റെയ്റ്റുകളുടെ എണ്ണം വളരെയധികം കൂടി. എൺപതുകൾക്കുശേഷം ഇംഗ്ലീഷിതര അമേരിക്കൻ സമൂഹത്തിന്റെ ജനസംഖ്യാനിരക്ക് നാലിരിട്ടിയായതിന്റെ പശ്ചാത്തലത്തിലാണ് കുടിയേറ്റക്കാർക്കെതിരായ കടുത്ത രാഷ്ട്രീയം ട്രമ്പിൽ നിന്നുണ്ടാവുന്നത് ഇംഗ്ലീഷ്. മാത്രവാദം അമേരിക്കയിൽ ശക്തമാവുന്നതും ഇക്കാലയളവിലാണ് (കുടിയേറ്റക്കാരെ പുറത്താക്കുന്ന കടുത്ത നടപടിക്കു പിറകെ ഒറ്റഹിന്ദിവാദം ഇന്ത്യയിൽ മുഴങ്ങുന്നതിന്റെ വഴി അതാണ്). അസമിന്റെ കാര്യത്തിൽ

ഇന്ത്യയിലെ പലരെയുംപോലെ കുടിയേറ്റങ്ങളൊക്കെ ഇല്ലീഗലാണെന്ന് അമേരിക്കക്കാരും വിശ്വസിക്കുന്നുണ്ട് (1996 CBS News poll) വാസ്തവം മറിച്ചാണെങ്കിലും. ഇന്ത്യയെപ്പോലെയായിരുന്നില്ല അമേരിക്ക. അമേരിക്കയ്ക്കൊരു രാഷ്ട്രഭാഷയോ ഔദ്യോഗികഭാഷയോ നിലവിലില്ല. സത്യത്തിൽ ഇംഗ്ലീഷിന് അത്തരമൊരു പദവിയില്ല എന്ന് അമേരിക്കക്കാർക്കുതന്നെ അറിയില്ല. 1987 ൽ നടത്തിയ ഒരു പോൾ പ്രകാരം മൂന്നിൽ രണ്ട് അമേരിക്കക്കാരും ഇംഗ്ലീഷ് അമേരിക്കയുടെ ഔദോഗികഭാഷയാണെന്ന് വിചാരിക്കുന്നവരാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ഇംഗ്ലീഷിനെ അങ്ങനെ സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും വിജയിക്കയുണ്ടായില്ല എന്നതാണു ചരിത്രം. ബഹുസംസ്കാരങ്ങളും ബഹുഭാഷാവ്യവസ്ഥയുമുള്ള തങ്ങളുടെ രാഷ്ട്രത്തിൽ ഒരു പൊതുഭാഷ അടിച്ചേൽപ്പിക്കുന്നത് ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമാണെന്ന് അമേരിക്ക എന്നും കരുതിയിരുന്നു. ഇംഗ്ലീഷ് ഓൺലി മൂവ്മെന്റ് ശക്തമായതിന്റെ തുടർന്ന് തൊണ്ണൂറുകളിലാണ് ഇരുപത്തിയഞ്ചു സ്റ്റെയ്റ്റുകളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷാപദവിയിലെത്തുന്നത്. അതിൽ ചിലയിടത്ത് മറ്റു ഭാഷകളുമുണ്ട്, സൈൻ ഭാഷകളുൾപ്പെടെ.

ലോകത്തിലെ ഏറ്റവും രൂക്ഷമായ അധിനിവേശം നടന്ന അമേരിക്കയിൽ യൂറോപ്യൻ വെള്ളക്കാർ കൊന്നുതള്ളിയത് തദ്ദേശീയ അമേരിക്കൻ വംശജരെമാത്രമല്ല. ലോകത്ത് ഏറ്റവും കൂടുതൽ ഭാഷകൾ നിലനിൽക്കുന്ന ഒരു ഭാഷാഗോത്രത്തെക്കൂടിയായിരുന്നു. അഞ്ഞൂറിലധികം ഭാഷകളുണ്ടായിരുന്നത് മിക്കതും ഈ അംഗ്ലീഷ് അധിനിവേശത്തോടെ നശിച്ചുപോയി. യൂറോപ്പിൽനിന്നും ലാറ്റിനമേരിക്കയിൽനിന്നും ഏഷ്യയിൽനിന്നും പലകാലങ്ങളിലായി നടന്ന കുടിയേറ്റങ്ങളാണ് ഇരുപതാം നൂറ്റാണ്ടിലെ അമേരിക്കയെ ബഹുസംസ്കാര വ്യവസ്ഥയാക്കിയത്. അമേരിക്കൻ ദേശീയതാവാദംപോലും ഇംഗ്ലീഷിനെ ദേശീയതയുടെ ഒരു പ്രതീകമായി വ്യാപകമായി ഉയർത്തിക്കാട്ടിയിരുന്നില്ല. തങ്ങളെ ബന്ധിപ്പിക്കുന്ന സാധനം ഇംഗ്ലീഷാണെന്ന പ്രചാരണം എൺപതുകൾക്കുശേഷമാണ് ശക്തമാവുന്നത്.

ഈ ഇംഗ്ലീഷ് മാത്രവാദം അമേരിക്കൻ സമൂഹത്തിൽ പ്രത്യേകിച്ച് ഇംഗ്ലീഷിതരസമൂഹങ്ങളിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി, അമേരിക്കയിലെ ഭാഷാപ്രശ്നങ്ങളെപ്പറ്റി സമഗ്രമായി പഠിക്കുന്ന കൃതിയാണ് കരോൾ ഷ്മിതിന്റെ പൊളിറ്റിക്സ് ഓഫ് ലാംഗ്വേജ്. ഭാഷാരാഷ്ട്രീയം ചർച്ച ചെയ്യുന്ന പുസ്തകങ്ങളിൽ മികവുറ്റത്. അമേരിക്കയുടെ ഭാഷാനയത്തിന്റെ ഭാഷാകലാപങ്ങളുടെ സൂക്ഷ്മചരിത്രം ഈ പുസ്തകം നൽകുന്നുണ്ട്. അതു മാത്രമല്ല ഇംഗ്ലീഷിന്റെ

അടിച്ചേൽപ്പിക്കൽ ഭാഷാന്യൂനപക്ഷങ്ങളിൽ സൃഷ്ടിക്കുന്ന സ്വത്വസംഘർഷങ്ങളും കുടിയേറ്റസമൂഹങ്ങളിലെ ഇംഗ്ലീഷ് പഠനത്തിന്റെ പരിമിതികളും പരിമിത ഇംഗ്ലീഷ് ഭാഷകസമൂഹങ്ങളിൽ വിവിധവിഷയങ്ങളിലെ ബോധന പ്രശ്നങ്ങളും ഇംഗ്ലീഷിലേക്കുള്ള ഷിഫ്റ്റും അമേരിക്കയിൽ നടപ്പാക്കിയിരുന്ന ദ്വിഭാഷാപഠനപദ്ധതി പലയിടത്തും പിൻവലിച്ചതിലെ (proposition 227 കാലിഫോർണിയ) പ്രശ്നങ്ങളുമൊക്കെ വേറെവേറെ അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നു. കുടിയേറ്റക്കാർക്കിടയിൽ ഇംഗ്ലീഷ് ഏകഭാഷാവാദം ഉറപ്പിക്കുമ്പോഴും ഇംഗ്ലീഷ് ഭാഷാസമൂഹത്തിലെ എലൈറ്റ് ക്ലാസ്സിൽ മറ്റൊരു വിദേശഭാഷ കൂടി ആർജ്ജിക്കുന്നതിനുള്ള പ്രോഗ്രാമും നടപ്പിലാക്കുന്നു എന്ന വൈരുദ്ധ്യം കൂടി അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒന്നിലധികം ഔദ്യോഗികഭാഷകൾ നിലനിൽക്കുന്ന സ്വിറ്റ്സർലന്റുമായും കാനഡയുമായും താരതമ്യം ചെയ്തുകൊണ്ടാണ് അമേരിക്കൻ ഭാഷാരാഷ്ട്രീയം അവർ ചർച്ച ചെയ്യുന്നത് (Schmid).

ഇംഗ്ലീഷ് കഴിഞ്ഞാൽ ലോകബന്ധഭാഷാപദവിയിൽ നിലനിന്ന ഫ്രഞ്ച് ഭാഷ ഇരുപത്തിയൊന്നാം നൂറ്റാണ്ടാവുമ്പോഴേക്കും തളർന്നില്ലാതെയാവുന്ന കാഴ്ചയാണു കാണുന്നത്. ഫ്രഞ്ച് കോളണികൾ അസ്തമിച്ചതോടെ അധിനിവേശപ്രഭാവം ഇല്ലാതായ ഫ്രഞ്ച് സാംസ്കാരികമേൽക്കോയ്മയിലൂന്നിയാണ് പിന്നീട് ഈ ലോകഭാഷാപദവിയിൽ നിന്നത്. മോഡേണിസംവരെ ലോകകലയുടെയും സംസ്കാരത്തിന്റെയും തലസ്ഥാനമായി നിലനിൽക്കാൻ പാരീസിനു കഴിഞ്ഞു. കടുത്ത ഭാഷാഭിമാനബോധമുള്ള ഫ്രാങ്കോഫോൺ സമൂഹങ്ങൾ ജർമ്മനിയടക്കം ഫ്രാൻസിനുപുറത്ത് ലോകവ്യാപകമായി പ്രബലമായിരുന്നു. ഈ അഭിജാതവർഗബോധം ഫ്രഞ്ചുഭാഷയുടെ അധീശത്വത്തിനു പിറകിൽ എന്നുമുണ്ടായിരുന്നു. ഫ്രഞ്ചിന്റെ ഈ സ്വാധീനമാണ് യൂറോപ്യൻ യൂണിയനിലെ രാഷ്ട്രങ്ങളിൽ വിദ്യാഭ്യാസകാലത്ത് രണ്ടു വിദേശഭാഷകൾ പഠിക്കണം എന്ന നിബന്ധനയിലേക്കെത്തിക്കുന്നത്. തൊണ്ണൂറുകളോടെ ഈ നയം പരാജയപ്പെട്ടുപോകുന്നുണ്ട്. ആഗോളവത്കരണകാലത്തെ ഫ്ലോട്ടിങ്ങ് തൊഴിൽസമൂഹങ്ങളിൽ ഉപകരണയുക്തിപരമായ മികവ് ഫ്രഞ്ചിനുണ്ടായില്ല. മധ്യവർഗത്തിനോ അടിസ്ഥാനതൊഴിൽസമൂഹത്തിനോ ഫ്രഞ്ച് ആഗോളതൊഴിൽ മാർക്കറ്റിൽ ഒരു അവശ്യസംഗതിയായില്ല. ഏതെങ്കിലും തരം സാമ്പത്തിക വ്യാവസായികമേൽക്കോയ്മ ഫ്രാൻസിനുണ്ടായതുമില്ല. ചരിത്രത്തിന്റെയും നിയമനിർമാണത്തിന്റെയും സംരക്ഷണയുക്തിയുടെയും പിൻബലത്തിൽ മാത്രമാണ് ഫ്രഞ്ച് ഇങ്ങനെ നിലനിന്നുപോന്നത്. തൊണ്ണൂറുകളായപ്പോഴേക്കും ഫണ്ടിങ്ങിലും മറ്റും ഇംഗ്ലീഷ് ജർമ്മൻ ഫ്രഞ്ച് എന്നീ

ഭാഷകൾക്കല്ലാത്ത തദ്ദേശീയ ഭാഷകളിലൂന്നണം എന്ന നയം യൂറോപ്യൻ യൂണിയനിൽ പ്രബലമാവുന്നുണ്ട്. യൂറോപ്യൻ യൂണിയനിൽ ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസം സ്കൂളുകളിൽ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. യൂറോപ്യൻ യൂണിയനിൽ 1991 ൽ ഇംഗ്ലീഷ് ഭാഷാപഠനം സെക്കണ്ടറി തലത്തിൽ നേടുന്നത് 83 ശതമാനം പേരായിരുന്നെങ്കിൽ അത് 98-99 ആയപ്പൊഴേക്കും 91 ശതമാനം ആയി മാറി. 1994-95 ഇൽ ഫ്രഞ്ച് പഠിക്കുന്നവരുടെ എണ്ണം 25 ശതമാനമായിരുന്നെങ്കിൽ 1996-97 ആവുമ്പൊഴേക്കും 21 ആയി ചുരുങ്ങി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ യൂറോപ്യൻ യൂണിയം മൾട്ടി ലിംഗ്വലിസത്തിലൂന്നിയ വിദ്യാഭ്യാസം ചിട്ടപ്പെടുത്താൻ ശ്രമിച്ചെങ്കിലും 2012 ആവുമ്പൊഴേക്കും ഈ നയം പരാജയപ്പെടുന്നതുകാണാം. 2012-ൽ അമ്പതിനായിരം വിദ്യാർത്ഥികളിൽ നടത്തിയ സർവ്വേയിൽ രണ്ടാം വിദേശഭാഷാശേഷി ഈ ബഹുഭാഷാവിദ്യാഭാസപദ്ധതിയിലൂടെ വന്നവരിൽ വളരെ കുറവാണെന്ന കണ്ടെത്തൽ നടത്തുന്നുണ്ട്. യൂറോപ്യൻ യൂണിയന്റെ ഔദ്യോഗികഭാഷ ഇംഗ്ലീഷായിരിക്കണം എന്ന് 2004 ൽ ജർമ്മൻ പ്രസിഡന്റ് നിർദേശിക്കുകയുമുണ്ടായി. ആഗോള ട്രാൻസ് നാഷണൽ ഭാഷാപദവിയിൽനിന്ന് മെല്ലെ ഫ്രഞ്ച് പടിയിറങ്ങുന്നുണ്ടെങ്കിലും ഈ ഇംഗ്ലീഷ് ആക്രമണം ഫ്രഞ്ച് ഭാഷാസമൂഹങ്ങളിലെ ഫ്രഞ്ച്ഭാഷാപദവിക്ക് പരിക്കേൽപ്പിച്ചിട്ടില്ലെന്നുകൂടി പറയണം.

ജർമ്മൻ ഭാഷ തങ്ങളുടെ രാജ്യത്ത് നിർബന്ധമാക്കുകയും ജർമ്മനി തങ്ങളുടെ കമ്യൂണിറ്റികളിൽ കർശനമായി പിന്തുടരുകയും ചെയ്ത ജർമ്മൻ സർക്കാർ പക്ഷേ യൂറോപ്യൻ യൂണിയന്റെ ഭാഷ ഇംഗ്ലീഷായിരിക്കണമെന്ന് നിർദേശിച്ച എന്നു പറഞ്ഞുവല്ലോ. കുടിയേറ്റജനത ജർമ്മൻ സ്വാംശീകരിക്കണമെന്നും തങ്ങളുടെ ഭാഷയിലേക്കും ദേശീയതയിലേക്കും സംസ്കാരത്തിലേക്കും ലയിക്കണമെന്നുമുള്ള ഭാഷാസൂത്രണ കാഴ്ചപ്പാടു മുറുകെ പിടിക്കുന്ന രാജ്യമാണു ജർമ്മനി.

എന്നാൽ സമ്പർക്കഭാഷയായി ജർമ്മനെ നിലനിർത്തുന്നതിലോ വികസിപ്പിക്കുന്നതിലോ അല്ല അവർ ഊന്നിയത്. കോപ്പൻ ഹേഗൻ ലോകകാലാവസ്ഥാ ഉച്ചകോടിയിൽ പ്രസിഡന്റ് ഇംഗ്ലീഷിൽ സംസാരിക്കാൻ നിർബന്ധിതയായി. എന്നാൽ ആ പരിമിതവും സരളവുമായ ഇംഗ്ലീഷ് ഒരു മാതൃകയായി പിൽക്കാലത്ത് ഉയർത്തികാണിക്കപ്പെട്ടു. വ്യാകരണപരമായി ഏറെ പിഴവുള്ള പ്രൗഢിയില്ലാത്ത ആ ഇംഗ്ലീഷാണു കൂടുതൽ കമ്യൂണിക്കേറ്റീവായതെന്നും ആംഗ്ലോ സാക്സൻ ചട്ടപ്പടി ഭാഷയല്ല

സാമൂഹ്യപ്രയോഗസന്ദർഭങ്ങളിലെ ഈ ഭൂജ ഇംഗ്ലീഷാണ ആഗോള ഇംഗ്ലീഷെന്നും അതുതന്നെയാണ് ഇന്റർനെറ്റ് എന്ന ആഗോളസമൂഹത്തിന്റെ ആഗോളഭാഷയായ ഇംഗ്ലീഷെന്നും സിദ്ധാന്തീകരിക്കപ്പെട്ടു. എന്നാൽ ഈ ഇംഗ്ലീഷിനുമേൽ ഇംഗ്ലീഷ് തദ്ദേശീയതയ്ക്ക് കാര്യമായ ആധിപത്യമില്ലെന്നതും ആംഗ്ലോസാക്സൺ മാനക ഇംഗ്ലീഷിനു പകരം പലതരം കലർപ്പുകളുള്ള സാമൂഹ്യപ്രയോഗത്തിലൂന്നിയ സജീവഭാഷാവ്യവഹാരത്തിനാണ് ഊന്നൽ എന്നതും പ്രധാനമാണ്. രാഷ്ട്രത്തെക്കാൾ ക്ലാസ്സിന്റെ അധികാരമാണ് ഇന്ന് ഇംഗ്ലീഷിൽ നിലനിൽക്കുന്നതെന്നു പറയാം. ഇംഗ്ലീഷ് എന്ന ഏകവചനത്തേക്കാൾ ലോക ഇംഗ്ലീഷുകൾ എന്ന ബഹുവചനപ്രയോഗമാണ് അഭികാമ്യം

ഈ നൂറ്റാണ്ടിലെ ആഗോളസമ്പർക്കഭാഷയായി ചൈനീസ് മാറാനുള്ള സാധ്യതകളെപ്പറ്റി സ്യൂ റൈറ്റ് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. റൈറ്റ് മുന്നോട്ട് വെക്കുന്ന ശുഭപ്രതീക്ഷകൾക്കനുസരിച്ച് അന്താരാഷ്ട്രതലത്തിൽ ചൈനീസ് ഭാഷ വികസിക്കുന്നതിന് തെളിവുകളായിട്ടില്ല.

ആഗോളവത്കരണം രണ്ടുതരം ഭാഷാസൂത്രണ കാഴ്ചപ്പാടുകൾക്ക് വഴിവെച്ചു. ജപ്പാനും ചൈനയും ആഗോളവത്കരണത്തോടു ഭാഷാസൂത്രണകാര്യത്തിൽ എങ്ങനെ പ്രതികരിച്ചു എന്നത് ഉദാഹരണമായികാണാം. 2009-ൽ ആഗോളീകരണസാഹചര്യത്തിൽ തങ്ങളുടെ ദേശീയഭാഷയിൽ അവർ നടത്തിയ ലിപിപരിഷ്കരണം രണ്ടിന്റെയും ദിശ ഒന്നാണെങ്കിലും കാഴ്ചപ്പാട് വേറെയായിരുന്നു. ജപ്പാനീസ് സംസ്കാരത്തെയും പാരമ്പര്യത്തെയും സംരക്ഷിച്ചു നിർത്തുക എന്ന ദേശീയ നയത്തിന്റെ ഭാഗമായി ജാപ്പനീസ് ഭാഷയെ മോടിപിടിപ്പിക്കാനാണ് ജപ്പാൻ ശ്രമിച്ചത്. അതിനായി തങ്ങളുടെ ലിപികളെ വിപുലീകരിക്കുകയാണവർ ചെയ്തത്. 1946 -ൽ ബഹുജനസാക്ഷരതായജ്ഞത്തിനായി വെട്ടിക്കുറച്ച ലിപികളെ അവർ വിപുലപ്പെടുത്തി. ആഗോളികരണത്തെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വികാസം അച്ചടിയിലുണ്ടാക്കിയ പുതിയ സാധ്യതകളെയും പ്രയോജനപ്പെടുത്തുകയാണവർ ചെയ്തത്. 1971- ൽ ടൈപ്പ് റൈറ്ററിനുവേണ്ടി ഉണ്ടാക്കിയ ലിപി പുതിയ ലിപിയിലേക്ക് വഴിവെക്കുകയും അത് പാഠപുസ്തകങ്ങളിലൂടെ അച്ചടിയിലേക്കും എഴുത്തിലേക്കും വ്യാപിക്കുകയും ചെയ്ത ചരിത്രമാണല്ലോ നമുക്കുള്ളത്. രചന അക്ഷരവേദിയുടെയും മറ്റും പ്രവർത്തനനങ്ങളും സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് യൂണികോഡ് മലയാളത്തിൽ വരുത്തിയ മുന്നേറ്റങ്ങളും പഴയലിപിയുടെ പുനഃസ്ഥാപനത്തിനു വഴിവെച്ചെങ്കിലും അതിനെ അംഗീകരിക്കാനോ ഭാഷാസൂത്രണത്തിന്റെ ഭാഗമാക്കാനോ ഭരണതലത്തിൽ നമ്മൾ തയ്യാറായിട്ടില്ല എന്ന് ഓർക്കണം.

ചൈനീസ് ലിപികളെ മാനകീകരിക്കാനും വെട്ടിയൊതുക്കാനുമാണ് പക്ഷേ ചൈന ശ്രമിച്ചത്. ആഗോളഭാഷാപദവിയിലേക്കെത്താനുള്ളശ്രമം എന്ന നിലയ്ക്ക് കമ്പ്യൂട്ടർ സൗഹൃദലളിത ലിപിയിലേക്കെത്തിക്കാനുള്ള കാഴ്ചപ്പാടാണിതിനു പിന്നിൽ പ്രവർത്തിച്ചത്. രണ്ടും തദ്ദേശീയ ഭാഷാസമൂഹങ്ങളുടെ ഭാഷാസ്വത്വത്തെയും ഭാഷാഭിമാനത്തെയും ഭാഷാവികാസത്തെയും ആഗോളീകരണത്തിന്റെ ആഘാതങ്ങളിൽനിന്ന് സംരക്ഷിച്ച് നിർത്താനുള്ള ശ്രമമെന്ന നിലയിൽ ഒരേ ഭാഷാനയമായിത്തന്നെ വിലയിരുത്താവുന്നതാണ്.

## ഇന്റർനെറ്റ് സമൂഹം എന്ന ആഗോളസമൂഹവും ഇന്റർനെറ്റ് ഭാഷയും

ഭാഷയുടെ ആഗോളീകരണത്തിന്റെ പ്രധാനപ്രതലം ഇന്റർനെറ്റാണല്ലോ. റോമൻ ആൽഫബെറ്റിനെയും ഇംഗ്ലീഷ് ശബ്ദങ്ങളെയും കേന്ദ്രീകരിച്ച് 1960- ൽ രൂപീകരിക്കപ്പെട്ട ആസ്കി കമ്പ്യൂട്ടർ ലിപിവ്യവസ്ഥ ഏഴ് ബിറ്റുകൾ വീതമുള്ള 128 കോഡുകൾ ഉൾപ്പെട്ടതാണ്. ഇതിൽ 95 എണ്ണം ഗ്രാഫിക്കൽ ക്യാരക്റ്ററുകളെ കാണിക്കുന്നു. ഇത് ഇന്റർനെറ്റിലെ ഇംഗ്ലീഷ് അധിനിവേശത്തിന്റെ മൂലകാരണമായി ഇന്നും നിലനിൽക്കുന്നു. വെബ്പേജ് ഭാഷയിൽ, ഡോമയിൻ നെയിമിൽ, യു ആർ എല്ലിൽ എല്ലാം ഇംഗ്ലീഷിനു ലഭിച്ച പ്രാമുഖ്യം ഇംഗ്ലീഷ് മാത്രമറിയാവുന്ന യന്ത്രമാണ് കമ്പ്യൂട്ടർ എന്ന മിഥ്യാധാരണ സൃഷ്ടിച്ചു. ഇംഗ്ലീഷധിഷ്ഠിതമായി മാത്രം കുത്തക സോഫ്റ്റ് വെയറുകൾ വികസിച്ചപ്പോൾ ഓപ്പറേറ്റിങ്ങ് സിസ്റ്റമടക്കമുള്ള കമ്പ്യൂട്ടർ സംസാരിക്കുന്ന ഭാഷ പ്രാദേശികമാവാൻ സമയമെടുത്തു. 2004 ലാണ് മലയാളി കൂടുതലായും ഉപയോഗിക്കുന്ന വിൻഡോസ് മലയാളം പറഞ്ഞുതുടങ്ങിയത്. സ്വതന്ത്ര സോഫ്റ്റ് വെയർ അതിനുള്ള സങ്കേതങ്ങൾ നേരത്തെ വികസിപ്പിച്ചിരുന്നെങ്കിലും പ്രചാരം സോഫ്റ്റ് വെയർ ചോരശാസ്ത്രത്തിൽ വിശ്വസിക്കുന്ന മലയാളിക്ക് അത്ര പഥ്യമായിരുന്നില്ല.

ഇംഗ്ലീഷിന്റെ ഈ എഴുത്താധിപത്യം പല ഭാഷകളിലും പലതരം പ്രശ്നങ്ങളാണ്ഇന്റർനെറ്റ് വിനിമയത്തിൽ ഉണ്ടാക്കിയത്. റോമൻ അധിഷ്ഠിതമല്ലാത്ത ഏഷ്യയടക്കമുള്ള യൂറോപ്പിതര എഴുത്തുഭാഷകൾക്കാണ് ഏറ്റവും കുഴപ്പങ്ങളുണ്ടായത്. ഇത് ടൈപ്പോഗ്രാഫിക്ക് ഇമ്പീരിയലിസത്തിന് വഴിവെച്ചു. ഇന്ത്യൻ ഭാഷകൾ എണ്ണം കുറഞ്ഞ റോമൻ ലിപിസഞ്ചയം വെച്ച് ഇന്റർനെറ്റ് ചാറ്റിൽ പ്രയോഗിച്ചപ്പോൾ ഉണ്ടായ ആശയക്കുഴപ്പങ്ങൾ ഏറെ വലുതാണ്. ചൈനീസ് പോലുള്ള താനഭാഷകൾക്കാകട്ടെ അക്കങ്ങൾ റോമൻ ലിപികൾക്കുമേൽ പ്രയോഗിച്ച് ടോണുകൾ മൂലമുണ്ടാകുന്ന അർത്ഥവ്യത്യാസങ്ങളെ പ്രത്യക്ഷീകരിക്കേണ്ടി വന്നു. ലിപ്യന്തരണനിയമങ്ങൾ രൂപപ്പെടാത്ത ഭാഷകളിൽ സ്പെല്ലിങ്ങ്

അവ്യവസ്ഥിതമായി. ഗ്രാഫിക് രൂപങ്ങൾ, ഒച്ചകൾ എല്ലാം ഇടകലർത്തി ഗ്രീക്കിഷ്-റോമനസൈഡ് ഗ്രീക്ക് രൂപം കൊള്ളുന്നത് അങ്ങനെയാണ്. അതിന്റെ ചുവടുപിടിച്ച് ലോകത്തെ വിവിധഭാഷാസമൂഹങ്ങളിൽ ഇംഗ്ലീഷ് സ്ലേറ്റിൽ തങ്ങളുടെ ഭാഷ എഴുതിക്കാണിക്കുന്ന ഒരു പുതു വ്യവഹാരരൂപം ഒരുപോലെ രൂപപ്പെട്ടു. മലയാളം മംഗ്ലീഷായി മാറി. ദുബായിയിലെ ചാറ്റ് റൂമുകളിൽ വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്ന അറബിയോടൊപ്പം ഇടത്തുനിന്ന് വലത്തോട്ടെഴുതുന്ന റോമൻ സമ്പ്രദായവും എഴുത്തിലേക്ക് വരാതിരുന്ന ദേശ്യമൊഴികളും ഇടകലർന്ന സ്ക്രിപ്പ് സ്വിച്ചിങ്ങാണ് നടന്നത്

ഈ ഗ്രീക്കിഷ് ഗ്രീക്ക് ഭാഷയെ കുഴിച്ചുമൂട്ടും എന്ന് ഭയന്നവരുണ്ട്. ചാറ്റ് മലയാളം മലയാളത്തിന്റെ ശുദ്ധിയെ ഇല്ലാതാക്കി എന്ന ഭയത്തിനു സമാനമാണിത്.എന്നാലത് ഗ്രീക്ക് ഭാഷയുടെ ഒരു പരിവർത്തനസന്ധിയാണെന്നും ആ ഭാഷയെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഈ കലർപ്പ് സഹായിക്കുമെന്നും അതിനെ ശുഭകാരിയായ ഒന്നായി കണ്ട ഭാഷാപണ്ഡിതരുമുണ്ടായിരുന്നു. കടുത്ത ഭാഷായാഥാസ്ഥിതികത നിലനിൽക്കുന്ന, ലോകത്തിലെ ആദ്യ ഭാഷാഅക്കാദമിയൊക്കെ സ്ഥാപിച്ച ഫ്രാൻസിൽ എസ് എം എസ് ഭാഷയ്ക്കെതിരായ ഭാഷാപണ്ഡിതന്മാരുടെ മൂവ്മെന്റ് തന്നെയുണ്ടായി. “A FORUM/ NOT A MOBILE: Here we speak a language human beings can understand…. If you want your question to be answered, try to make yourself understandable too.” എന്ന് അവരുടെ നോട്ടീസ് ബോർഡിൽ കർശനനിലപാട് അടിവരയിട്ടു വരുന്നത് അങ്ങനെയാണ് (Danet and Herring).

ഇത് ആഗോളവത്കരണത്തിന്റെ വിപത്താണെന്ന രാഷ്ട്രീയവ്യാഖ്യാനങ്ങളും ഇതിനോടൊപ്പം വന്നിട്ടുണ്ട്. ആഗോളഗ്രാമത്തിനൊരു ആഗോളഭാഷ എന്ന് വിചാരിച്ചവരും കുറവല്ല.

ഇന്റർനെറ്റ് ഭാഷ ഓരോ ഭാഷയ്ക്കും വ്യത്യസ്തമായിരിക്കെതന്നെ റൊമനൈസ് കാലത്തുരൂപപ്പെട്ട ചില പൊതുരൂപങ്ങൾ നിലനിർത്തുന്നുമുണ്ട്

ഇമോട്ടിക്കോണുകൾ പൊതുസഞ്ചയമായി നിൽക്കുന്നു.

ചുരുക്കെഴുത്തുകൾ ഇംഗ്ലീഷാണ്. (LOL, “laughing out loud”),

ഊഹഭാഷയും ചിത്രക്കുറിയുമൊക്കെ ഇന്നും ഇംഗ്ലീഷാണ്. (c u for “see you” apex)

വാമൊഴിപ്പേച്ചാണെന്ന് അടയാളം വെക്കുന്ന രീതി

ഉച്ചാരണഭേദങ്ങളെ മാനേകതരരൂപങ്ങളെക്കൂടി ചിത്രലിപികളാക്കുക.

വാമൊഴിയുടെ വ്യാകരണം പിന്തുടരുക.

ചിഹനനങ്ങളുടെ സമൃദ്ധമായ ഉപയോഗം,ധാരാളിത്തം നാട്ടുമൊഴികൾ, പലതരം ചിഹനോപാധികൾ, ക്യാപിറ്റൽ പണിഷ്മെന്റുകൾ ക്രിയകളുടെ വാമൊഴി ആവിഷ്ക്കാരം ഓ....ടി)

ചിഹനരൂപങ്ങൾക്ക് ക്യാരക്ടർ സ്വഭാവം വരുന്നു.

സ്വരങ്ങളെ കൊഴിച്ചുകളഞ്ഞ് മൂലവ്യഞ്ജനങ്ങളുടെ അസ്ഥിപഞ്ജരമാക്കി പദങ്ങളെ മാറ്റുക. (pls ppl msg)

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ ഈ നായ്ക്കുറുക്കൻ ചിത്രഭാഷകൊണ്ടുള്ള അത്തരമൊരു കലാപത്തിനുകാരണം ആസ്കി സംവിധാനത്തിന്റെ ലിമിറ്റേഷനോ അന്യഭാഷാഗോത്രങ്ങളിലെ ലിപി സഞ്ചയത്തിന്റെ വൈവിദ്ധ്യമോ മാത്രമായിരുന്നില്ല. നമ്മുടെ എഴുത്തുരീതിപദ്ധതിയിലെ അപര്യാപ്തതകൾ, മാനകങ്ങൾ, കേന്ദ്രീകരണങ്ങൾ, അധികാരരൂപങ്ങൾ എന്നിവയുടെ പ്രശ്നമായിരുന്നു. ആ അപൂർണ്ണഭാഷയെ മനുഷ്യൻ കണ്ടെത്തിയ സകലവിനിമയപദ്ധതികൾ കൊണ്ടും അട്ടിമറിച്ച് ഒരു സാകല്യ ആവിഷ്ക്കാരമാധ്യമമായി ഇന്റർനെറ്റ് ഭാഷയെമാറ്റാനുള്ള വിപ്ലവമായിവേണം, ഭാഷാകൊലപാതകമായല്ല, ഇതിനെ കാണേണ്ടത്. എന്നാൽ ആഗോളവത്കരണകാലത്തെ ഇന്റർനെറ്റ് ഇംഗ്ലീഷ് എന്ന ഭാഷയെ കൂടുതൽ ആഗോളമാക്കാൻ സഹായിച്ചിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കാവതല്ല. കലർപ്പുകളിലൂടെ ആ ഭാഷാധികാരത്തെ ശിഥിലമാക്കുന്ന പ്രക്രിയ കൂടി സംഭവിക്കുന്നുണ്ടെന്നുമാത്രം. ഇംഗ്ലീഷ് ലിങ്ക്വാ ഫ്രാങ്കയായിതുടരുകയും ചെയ്യുന്നു.. അതുവഴിയെ വിശദമാക്കാം.

## യൂണികോഡിന്റെ വരവ്

ഈ ലിപി ദാരിദ്ര്യം മറികടന്നത് അതുവഴി ഇന്റർനെറ്റിൽ ഇംഗ്ലീഷിതരഭാഷകൾ പ്രത്യേകിച്ച് മൂന്നാം ലോകഭാഷകൾ സജീവമായത് 16 ബിറ്റ് പ്രൊഫൈലോടുകൂടിയ ക്യാരക്ടർ എൻ കോഡിങ്ങ് സാദ്ധ്യമായ യൂണികോഡിന്റെ കടന്നുവരവോടെയാണ്. അതോടൊപ്പം എല്ലാ ഉപകരണങ്ങൾക്കിടയിലും ഓപ്പറേറ്റിങ്ങ് സംവിധാനങ്ങൾക്കും അപ്ലിക്കേഷനുമിടയിലും ലോകഭാഷകൾക്കിടയിൽത്തന്നെയും കൈമാറ്റം ചെയ്യപ്പെടാവുന്ന പൊതുചിഹനസഞ്ചയം സാധ്യമാവുമയും ചെയ്തു. ഇന്റർനെറ്റിൽ ഭാഷയുടെ പലമ അതിന്റെ സ്വച്ഛസ്വാതന്ത്ര്യങ്ങളോടെ, പല ഭാഷകളുടെയും അച്ചടിയെ കേന്ദ്രീകരിച്ച നടന്ന നിരപ്പ പലകപ്പണിയിൽ കുഴിച്ചുമൂടിയ, ഗതകാലചിഹനങ്ങളെക്കൂടി സ്വാംശീകരിച്ച് സാകല്യഭാവത്തിൽ അനന്തലീല നടത്തുന്ന കൺവെർഷൻ ടൂളുകളുടെ സഹായത്തോടെ നിഷ്പ്രയാസം രൂപമാറ്റം നടത്തുന്ന അതിന്റെ ട്രാൻസ് പ്ലെ നടത്തിത്തുടങ്ങിയ ഇക്കാലത്ത് ഈ ഭാഷയെ സംബന്ധിച്ച ആത്മഹത്യാഭീഷണി

കാലഹരണപ്പെട്ടിരിക്കുന്നു. പേഴ്സണൽ കമ്പ്യൂട്ടറിൽനിന്ന് ലോകം സ്മാർട്ട് ഫോണിലേക്ക് കൂടുമാറിയപ്പോഴേക്കും ഇൻഡിക് കീബോർഡും ഗൂഗിൾ കയ്യെഴുത്തും ട്രാൻസ്ലേറ്ററും ശബ്ദലിപി പരിവർത്തനോപകരണവും ഇപ്പോൾ വോയ്സ് അസിസ്റ്റന്റുമൊക്കെയായി മലയാളവും ഒപ്പം നടന്നുതുടങ്ങിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ ഭാഷാവകുപ്പുകൾക്കോ സർക്കാർ ഏജൻസികൾക്കോ കാര്യമായ സംഭാവനയില്ലെന്നും സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് പോലുള്ള സന്നദ്ധസംഘങ്ങളാണ് ഭാഷാകമ്പ്യൂട്ടിങ്ങിനെ മുന്നോട്ടുകൊണ്ടുപോവുന്നതെന്നു കൂടി ഓർക്കേണ്ടതുണ്ട്. മലയാളം ബ്ലോഗിങ്ങിനാവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നത് പ്രവാസിമലയാളികളാണെന്നതും പ്രവാസിലോകം നമ്മുടെ ഏതെങ്കിലും തരം ആസൂത്രണങ്ങളിൽ നേരിട്ട് ഇടപെടുന്ന ആദ്യ ചരിത്രസന്ദർഭം അതായിരുന്നുവെന്നതും ചേർത്തുവെക്കേണ്ട വസ്തുതയാണ്.

### ഇന്റർനെറ്റ് ഇംഗ്ലീഷാണോ?

ഇന്റർനെറ്റ് സമൂഹം ഇംഗ്ലീഷാണോ എന്നും അങ്ങനെയെങ്കിൽ ഈ ഇംഗ്ലീഷ് ആധിപത്യം ഒരു പുതിയ രാഷ്ട്രാധിനിവേശരൂപമായി നിലകൊള്ളുന്നുണ്ടോ എന്നും അടുത്ത് പരിശോധിച്ചുനോക്കാം.

വേൾഡ് ഇൻറർനെറ്റ് സ്റ്റാറ്റിസ്റ്റിക്സ് 2008-ലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ കണക്ക് അനുസരിച്ച് ഭാഷ സംസാരിക്കുന്നവരെ അടിസ്ഥാനമാക്കി ഏകദേശം 450 ദശലക്ഷം ഇംഗ്ലീഷ് ഉപയോക്താക്കൾ, ഏകദേശം 320 ദശലക്ഷം ചൈന ക്കാർ. ഏകദേശം 129 129 ദശലക്ഷം സ്പാനിഷ്. ജാപ്പനീസ് (94 ദശലക്ഷം), ഫ്രഞ്ച് (73 ദശലക്ഷം), പോർച്ചുഗീസ് (73 ദശലക്ഷം), ജർമ്മൻ (65 ദശലക്ഷം), അറബിക് (41 ദശലക്ഷം), റഷ്യൻ (38 ദശലക്ഷം), കൊറിയൻ (37 ദശലക്ഷം). ശേഷിക്കുന്ന എല്ലാ ഭാഷകളും ഏകദേശം 250 ദശലക്ഷം എന്നാണ്.

വേൾഡ് ഇൻറർനെറ്റ് സ്റ്റാറ്റിസ്റ്റിക്സ് 2008 ലെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ കണക്ക് അനുസരിച്ച് ഭാഷ സംസാരിക്കുന്നവരെ അടിസ്ഥാനമാക്കി ഇംഗ്ലീഷ് ഉപയോക്താക്കൾ (ഏകദേശം 450 ദശലക്ഷം), ചൈനക്കാർ (ഏകദേശം 320 ദശലക്ഷം), സ്പാനിഷ് (129ദശലക്ഷം). ജാപ്പനീസ് (94 ദശലക്ഷം) ഫ്രഞ്ച് (73 ദശലക്ഷം), പോർച്ചുഗീസ് (73 ദശലക്ഷം), ജർമ്മൻ (65 ദശലക്ഷം), അറബിക് (41 ദശലക്ഷം), റഷ്യൻ (38 ദശലക്ഷം), കൊറിയൻ (37 ദശലക്ഷം). ശേഷിക്കുന്ന എല്ലാ ഭാഷകളും ഏകദേശം 250 ദശലക്ഷം എന്നാണ്. എന്നാൽ ഈ ഉപയോക്താക്കളുടെ എണ്ണവും അവർ ഇന്റർനെറ്റിൽ ഉപയോഗിക്കുന്ന ഭാഷയുടെ സ്വഭാവവും തമ്മിൽ യാതൊരു ബന്ധവുമില്ല

എന്നതാണ് വാസ്തവം . ഇന്റർനെറ്റിലെ ഭാഷാ ഉള്ളടക്കത്തിന്റെ കണക്കുനോക്കിയാൽ ഫെബ്രുവരി 2020 ൽ 58.5 ശതമാനം ഇംഗ്ലീഷാണെന്നു കാണാം തൊട്ടുപിറകെയുള്ള ഭാഷകൾ റഷ്യൻ, സ്പാനിഷ്, ജർമ്മൻ, ഫ്രഞ്ച്, പേർഷ്യൻ, ടർക്കിഷ് എന്നിവയാണ്. 0.1 ശതമാനം മാത്രം ഷെയറുള്ള നാല്പതുഭാഷകളെ എടുത്തുനോക്കിയാൽ അതിൽ മലയാളമില്ല. ഏക ഇന്ത്യൻ ഭാഷ ഹിന്ദിയാണ്. (0.1%)(Top Ten Internet Languages in The World–Internet Statistics)

എന്നാൽ ഭാഷകസമൂഹത്തിന്റെ കണക്കു നോക്കൂ. 2019-ലെ എത്തനോലോഗിന്റെ കണക്കനുസരിച്ച് :

| | | |
|---|---|---|
| ഇംഗ്ലീഷ് പ്രഥമ ഭാഷയായി സംസാരിക്കുന്നവർ | 379.0 മില്യൺ | റാങ്ക് 3 |
| രണ്ടാം ഭാഷയായി സംസാരിക്കുന്നവർ | 753.3 മില്യൺ | റാങ്ക് 1 |
| ചൈനീസ് പ്രഥമ ഭാഷയായി സംസാരിക്കുന്നവർ | 917.8 മില്യൺ | റാങ്ക് 1 |
| രണ്ടാം ഭാഷയായി സംസാരിക്കുന്നവർ | 198.7 മില്യൺ | റാങ്ക് 5 |
| ഹിന്ദി പ്രഥമ ഭാഷയായി സംസാരിക്കുന്നവർ | 341.2 മില്യൺ | റാങ്ക് 4 |
| രണ്ടാം ഭാഷയായി സംസാരിക്കുന്നവർ | 274.2 മില്യൺ | റാങ്ക് 2 |

ആണുള്ളത്. എന്നാൽ ഇന്റർനെറ്റ് ഉള്ളടക്കവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ കണക്കുമായി യാതൊരു പൊരുത്തവുമില്ല എന്ന് ബോധ്യപ്പെടും. രണ്ടാം ഭാഷയെന്ന നിലയിൽ ലോകസമ്പർക്ക ഭാഷയെന്ന നല്ലയിൽ ഇംഗ്ലീഷ് നേടിയ മേൽക്കൈ ഇന്റർനെറ്റ് ലോകത്തും തുടരുന്നു എന്ന് പറയാം. ഇതിൽ ടെക്നോളജിയുടെ വികാസത്തിഎന്തെങ്കിലും പങ്കുണ്ടോ എന്നുകൂടി നോക്കാം.

ടെക്നോളജി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ആദ്യ 15 രാഷ്ട്രങ്ങളെ നോക്കിയാൽ ഫിൻലാന്റ്, റഷ്യ, ഇസ്രയേൽ, ഫ്രാൻസ്, സിങ്കപ്പൂർ, ഓസ്ട്രേലിയ, സ്വീഡൻ, ഇംഗ്ലണ്ട്, ഇന്ത്യ, ചൈന, ജർമ്മനി, സൗത്ത് കൊറിയ, അമേരിക്ക, ജപ്പാൻ ഇംഗ്ലീഷ് ദേശഭാഷയായ രാഷ്ട്രങ്ങൾക്ക് മേൽക്കയ്യില്ല എന്നുകാണാൻ കഴിയും ഇനി. ടെക്നോളജി എക്സ്പെർട്ടുകളുടെ കണക്കെടുത്താൽ ആദ്യ അഞ്ചുരാജ്യങ്ങളിൽ ജപ്പാൻ, ചൈന, സൗത്ത് കൊറിയ, അമേരിക്ക, ജർമ്മനി .. നാലാം സ്ഥാനത്തുള്ള അമേരിക്കയിൽ മാത്രമേ ഇംഗ്ലീഷ് ഒന്നാം ഭാഷയായുള്ളവരുള്ളൂ എന്നു കാണാം.

വിവരസാങ്കേതികവിദ്യാവിപ്ലവം ഇംഗ്ലീഷിന്റെ അധീശത്വത്തിനു പുതിയ കാരണമായി. എന്നു പറയുമ്പോൾതന്നെ യൂണികോഡിന്റെ കടന്നുവരവിനു ശേഷം മറ്റു ഭാഷകളും തദ്ദേശീയ കണ്ടന്റ് അധിഷ്ഠിത വെബ് പോർട്ടലുകളും ഇന്റർനെറ്റിൽ സജീവമാവുകയും ഇംഗ്ലീഷിന്റെ ഒഴിക്കിനു തടയിടുകയും

ചെയ്തിട്ടുണ്ട്. 1996 മുതൽ 2008 വരെയുള്ള കാലയളവിൽ ഇംഗ്ലീഷിതര വെബ് സൈറ്റുകളിലേക്കുള്ള ക്രമാനുഗതമായ ഒഴുക്ക് യുനസ്കോ രേഖപ്പെടുത്തിക്കാണുന്നു. ഇംഗ്ലീഷ് ഉള്ളത് 1998-ൽ 75 ശതമാനമായിരുന്നു രണ്ടായിരത്തിയഞ്ചാവുമ്പോഴേക്കും അത് അമ്പതിലേക്കെത്തുന്നു.

ആളുകൾ സന്ദർശിക്കുന്ന വെബ്സൈറ്റ് ഹോം പേജുകളുടെ അടിസ്ഥാനത്തിലുള്ള കണക്കു നോക്കിയാൽ 55 ശതമാനം ഇംഗ്ലീഷാണ്. തൊട്ടു പിറകിലെ ഭാഷകളുടെ ശതമാനത്തോത് രണ്ടിനടുപ്പിച്ചാണ്. 2001 മുതൽ 2011 വരെ ഇംഗ്ലീഷ് ഓൺലൈൻ ഉപയോഗം ഏകദേശം 281 ശതമാനം വർദ്ധിക്കുന്നുണ്ട്. ഇതേ കാലയളവിൽ സ്പാനിഷ് (743 ശതമാനം), ചൈനീസ് (1,277 ശതമാനം), റഷ്യൻ (1,826 ശതമാനം) അറബിക് (2,501 ശതമാനം) എന്നിവയേക്കാൾ വളർച്ചാ നിരക്കിൽ ഇത് കുറവുമാണെന്നു കാണാം.സെർച്ച് എഞ്ചിനുകളുടെ ഭാഷാപക്ഷപാതിത്വം ഈ ഇംഗ്ലീഷ് മേൽക്കോയ്മയ്ക്കൊരു കാരണം കൂടിയാണ്.

എങ്കിലും ആഗോള വിനിമയസന്ദർഭങ്ങളിൽ ഇംഗ്ലീഷിനുള്ള ആധിപത്യത്തിനു തത്കാലം കോട്ടംതട്ടാൻ പോകുന്നില്ല എന്നു പറയാം. എന്നാലിത് മുന്നേ കാണിച്ച രാജ്യപ്പട്ടികയിൽനിന്ന് വെളിവാകുന്നതുപോലെ ഇംഗ്ലീഷ് സംസാരിക്കുന്ന സമൂഹങ്ങളുടെ ഭാഷാധിപത്യത്തിനോ ടെക്നോളജിയിലെ മേൽക്കയ്യോ കാരണമാവുന്നില്ല എന്ന വസ്തുതയാണു പ്രധാനം.

നിർമ്മിതബുദ്ധി പ്രബലമായിത്തീരുന്ന വർത്തമാനകാലത്ത് യന്ത്രങ്ങൾ സ്വയം ഭാഷ പഠിച്ചെടുക്കുകയും പ്രയോഗിക്കുകയും ആവശ്യമെങ്കിൽ പുതുരൂപങ്ങൾ സൃഷ്ടിക്കുകയുമൊക്കെ ചെയ്യുന്ന ഈ കാലത്ത് കോർപ്പസ് അധിഷ്ഠിത തത്ക്ഷണയന്ത്രതർജ്ജമ ഭാഷകൾക്കിടയിലെ ട്രാൻസ് സാധ്യമാക്കുകകൂടി ചെയ്യുതോടെ ഇംഗ്ലീഷ് അധിനിവേശഭയം പൂർണമായും അപ്രസക്തമായിരിക്കുന്നു.

### ആഗോളലോകത്തെ രാജ്യാധിപത്യപ്രവണതകൾ

പലതരം വംശീയതകളെ, പ്രാദേശികതകളെ, ഭാഷകളെ എങ്ങനെ കൈകാര്യം ചെയ്യും എന്ന പ്രശ്നം ഈ ആഗോളവതകരണകാലത്ത് സജീവമായ രാഷ്ട്രീയപ്രശ്നം കൂടിയാണ്. വംശസംഘർഷങ്ങൾ, അതിദേശീയവാദങ്ങൾ, വർഗീയതകൾ എന്നിവ ആഗോളവത്കരണത്തോടൊപ്പം പെരുകുന്നു എന്നതാണു വസ്തുത.

ആഗോളീകരണം സാമ്പത്തിക ഉദാരീകരണത്തിലും സമ്പത്തിന്റെയും കോർപ്പറേറ്റുകളുടെയും മാർക്കറ്റിന്റെയും ആഗോളീകരണത്തിലും

ഊന്നുമ്പോഴും ജനതകളുടെ/ തൊഴിൽസേനയുടെ ഫ്ലോട്ടിങ്ങിനെ തടയിടുന്നതരം നിയമനിർമ്മാണങ്ങളും ദേശീയതാവാദങ്ങളും എല്ലായിടത്തും പ്രബലമാവുന്നു എന്നത് പ്രസ്താവ്യമാണ്. രാഷ്ട്രീയമായി അതിദേശീയവാദമുന്നയിക്കുന്നവർ സാമ്പത്തിക ഉദാരീകരണത്തിൽ ആഗോളവതകരണത്തിന്റെ വക്താക്കളുമാണെന്നതാണു രസകരമായ വസ്തുത. അമേരിക്ക, ഗൾഫ് നാടുകൾ എന്നിവിടങ്ങളിൽ കുടിയേറ്റത്തിനെതിരായ നടപടികൾ തീവ്രമാവുന്നു. ഇന്ത്യയിലെ അതിദേശീയവാദവും ഭിന്നമായ വഴിയിലൂടെയല്ല സഞ്ചരിക്കുന്നത്. സാമ്പത്തിക ആഗോളീകരണത്തിന്റെ പരാജയം മൂടിവെക്കാനുള്ള രാഷ്ട്രീയ ആയുധമായും ഭരണകൂടങ്ങൾതന്നെ ദേശീയവാദത്തെ തിരിച്ചുകൊണ്ടുവരുന്നതുകാണാം.

## ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം

മലയാളത്തിന്റെ ഭാഷാസൂത്രണം ഇനിയേതുദിശയിൽ സഞ്ചരിക്കണമെന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ ഈ പ്രബന്ധം അവസാനിപ്പിക്കാം. തൊണ്ണൂറുകളിലെ സവിശേഷ സാമൂഹ്യവീക്ഷണം പ്രാന്തസമൂഹങ്ങൾക്ക് കൂടുതൽ ദൃശ്യതയുണ്ടാക്കി. അവരുടെ സാഹിത്യവും സാംസ്കാരികാസ്തിത്വവും മുഖ്യധാരയിൽ ആദ്യമായി അവതരിപ്പിക്കപ്പെടുകയും കൊളോണിയൽ ആധുനികപദ്ധതിയും വികസനസങ്കല്പങ്ങളും ചോദ്യം ചെയ്യപ്പെടുകയും ചെയ്തു കഴിഞ്ഞു.

അതോടൊപ്പം മധ്യവർഗം പ്രബല അധികാരിവർഗമായി തുടരുകയും അവരുടെ ഭാഷാമനോഭാവം പ്രബന്ധത്തിന്റെ ആദ്യത്തിൽ വിവരിച്ചതുപോലെ അധിനിവേശ അടയാളങ്ങളുമായും നാടുവാഴിത്തമൂല്യബോധവുമായും തുടർന്നുവരികയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിൽ ആഗോളികരണകാലത്തെ മുന്നിൽകണ്ടുകൊണ്ട് ആറു മലയാളഭാഷാസൂത്രണതത്ത്വങ്ങളാണ് മുന്നോട്ടുവെക്കാനുള്ളത്.

1. പ്രാദേശിക ഗോത്രഭാഷാസംസ്കാരങ്ങളെക്കൂടി ഉൾക്കൊള്ളുന്ന ജനാധിപത്യ ബഹുസ്വര ഭാഷാപ്രദേശമായി കേരളത്തെ വിഭാവനം ചെയ്യുകയും മലയാളത്തിന് ഈ തനതുഭാഷകളിലേക്കും തിരിച്ചുമുള്ള സകല ചാലുകളും തുറന്നിടുക.
2. ജനാധിപത്യ സിവിലിയൻ ഭരണകൂടസംവിധാനത്തിന്റെ ഭാഷ മധ്യകാലനാടുവാഴിത്തഭാഷയിൽനിന്ന് കോളണിവിമുക്ത ജനാധിപത്യ ആധുനികപൗരസമൂഹത്തിന്റേതാക്കുക.
3. കൃത്രിമ സംസ്കൃത മണിപ്രവാള വരമൊഴിശൈലി കളഞ്ഞ് സജീവവും

സമകാലികവുമായ വർത്തമാന വായ് മലയാളത്തെ ഭാഷാസൂത്രണ ത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുക. കലർപ്പാണ് മലയാളഭാഷയുടെ സ്വത്വം എന്ന് ഉറപ്പിക്കുക.

4. മലയാളത്തെ ലോകഭാഷകൾക്കൊപ്പമെത്തിക്കാൻ പദവിപരമോ സമാർജ്ജനമപരമോ ആയ ആസൂത്രണങ്ങളേക്കാൾ ഭാഷാസാമ ഗ്രികളുടെ വിപുലനത്തിനും ആസൂത്രണത്തിനും ഊന്നൽ കൊടുക്കുക, വൈജ്ഞാനികപദവി ആർജ്ജിക്കാൻ വേണ്ട പ്രവർത്തനങ്ങൾ, ഇന്റർനെറ്റ് മലയാളം ഉള്ളടക്കം വികസിപ്പിക്കൽ ഇവയൊക്കെ ഇതില്പെടും.
5. നിയമനിർമ്മാണംവഴി പദവിപരമായ ആസൂത്രണത്തിൽമാത്രം ശ്രദ്ധി ക്കുന്നതിനുപകരം ഭാഷയോടുള്ള അഭിഭാവം വർദ്ധിപ്പിക്കുന്നതിനുള്ള ജനകീയഭാഷാമുന്നേറ്റങ്ങൾക്ക് ഊന്നൽ കൊടുക്കുക.
6. ഭാഷാസമാർജ്ജനപരമായ ആസൂത്രണത്തിൽ ആഗോളസമ്പർക്ക ഭാഷയായ ഇംഗ്ലീഷ് പഠനത്തെ പ്രോൽസാഹിപ്പിക്കുകയും ആംഗ്ലോ സാക്സൻ സാമ്പ്രദായിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുപകരം ഗ്ലോബൽ ഫങ്ഷണൽ ഇംഗ്ലീഷിൽ ഊന്നുക.

# ആധാരസൂചി

1. Cobarrubias, Juan, and Joshua A. Fishman. *Progress in Language Planning: International Perspectives*. Walter de Gruyter, 2012.
2. Cooper, Robert L. *Language Planning and Social Change*. Cambridge University Press, 1990. *Cambridge University Press*, doi:10.1017/CBO9780511620812.
3. Crowley, Dr Tony. *Language in History: Theories and Texts*. 1st ed., Routledge, 2013. *DOI.org (Crossref)*, doi:10.4324/9780203416440.
4. Danet, Brenda, and Susan C. Herring. *The Multilingual Internet: Language, Culture, and Communication Online*. 1st edition, Oxford University Press, U.S.A., 2007.
5. Crystal, David. *English as a Global Language*. 2 edition, Cambridge University Press, 2012.
6. Crystal, David. *Txtng: The Gr8 Db8*. Illustrated edition, OUP Oxford, 2009.
7. Fishman, Joshua A. "The Impact of Nationalism on Language Planning:" *Can Language Be Planned?*, edited by Joan Rubin and Björn H. Jernudd,

University of Hawai'i Press, 1971, pp. 3–19, doi:10.2307/j.ctv9zckn9.5. JSTOR.

8. Halliday, M. "New Ways of Meaning: The Challenge to Applied Linguistics." *The Ecolinguistics Reader: Language, Ecology and Environment.*, edited by A. Fill and P. Mühlhäusler, Continuum, 2001.

9. Holborow, M. "The Cultural Politics of English as an International Language." *ELT Journal*, vol. 50, no. 2, Apr. 1996, pp. 172–76. *DOI.org (Crossref)*, doi:10.1093/elt/50.2.172

10. Rubin, Joan, And Björn H. Jernudd. "Introduction:: Language Planning As An Element In Modernization." *Can Language Be Planned?*, edited by Joan Rubin and Björn H. Jernudd, University of Hawai'i Press, 1971, pp. xi–xxiii. JSTOR, *JSTOR*, doi:10.2307/j.ctv9zckn9.4.

11. Schmid, Carol L. *The Politics of Language: Conflict, Identity, and Cultural Pluralism in Comparative Perspective*. Illustrated edition, Oxford University Press, 2001.

12. *Top Ten Internet Languages in The World - Internet Statistics*. https://www.internetworldstats.com/stats7.htm. Accessed 17 Feb. 2020.

13. Yengoyan, Aram A. : "Marxism and the Philosophy of Language V.N. Volosinov." *American Anthropologist*, vol. 79, no. 3, Sept. 1977, pp. 700–01. *DOI.org (Crossref)*, doi:10.1525/aa.1977.79.3.02a00670.

14. Wright, Sue. *Language Policy and Language Planning: From Nationalism to Globalisation*. 2nd edition, Palgrave Macmillan, 2016.

*santhoshhrishikesh@gmail.com*